# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചാലിശ്ശേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം.കെ.എസ്.എ.പി.കെ.ഡി.20/595/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 18/04/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചാലിശ്ശേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചാലിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചാലിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെ.എസ്.എ.പി.കെ.ഡി.20/595/23 തീയ്യതി: 18/04/2023

## പാലക്കാട് ജില്ലയിലെ ചാലിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ ചാലിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-06-2022 മുതൽ 15-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.പി.എസ്.സാബു | ഡെപ്യൂട്ടി ഡയറക്ടർ. | 16-03-2023 | 24-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 16-03-2023 | 24-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. സുജാത.എ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.രമാദേവി.കെ.ആർ, സീനിയർഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ആതിര.എച്ച്.സീനിയർഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.എ.വി.സന്ധ്യ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി.സാവിത്രിക്കുട്ടി.പി.എൻ | സെക്രട്ടറി | 01-04-2021 | 05-07-2021 |
| ശ്രീ.അനൂപ്.എൻ | സെക്രട്ടറി | 06-07-2021 | 24-09-2021 |
| ശ്രീമതി.ഗീത.വി.എ | സെക്രട്ടറി | 25-09-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സജീവ്.കെ | അസി.എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ഏലിയാമ്മ ജേക്കബ് | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീ.മൊയ്തീൻകുട്ടി | ഹെഡ്മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീമതി.അനിത എസ് ഭട്ട് | മെഡിക്കൽ ഓഫീസർ(ഹോമിയോ)) | 01-04-2021 | 01-07-2021 |
| ശ്രീമതി.ശ്രീതാര | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 02-07-2021 | 31-03-2022 |
| ശ്രീമതി.ചിന്നു ജോസഫ് | കൃഷി ഓഫീസർ | 01-04-2021 | 25-10-2021 |
| ശ്രീ.അജിത് | കൃഷി ഓഫീസർ | 25-10-2021 | 31-03-2022 |
| ശ്രീമതി.സുനിത.കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 09-12-2021 |
| ശ്രീമതി.സൗമ്യ | ഐ സി ഡി എസ് സൂപ്പർവൈസർ | 10-12-2021 | 31-03-2022 |
| ശ്രീ.ജ്യോതിഷ് കുമാർ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി.ജിസ് റോസ് ജോബ് | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2021 | 31-03-2022 |
| ശ്രീമതി.സജി.എൻ.ആർ | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ശ്രീ.ശ്രീജിത്.പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക കണക്കിലെ അപാകങ്ങൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | കാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | വസ്തു നികുതി-ഗണം തെറ്റായി രേഖപ്പെടുത്തി | 1-11 |
| 13 | തൊഴിൽ നികുതി-അപാകതകൾ | 1-12 |
| 14 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് | 1-12-1 |
| 15 | സ്ഥാപനങ്ങളുടെ ലിസ്റ്റ് സൂക്ഷിക്കുന്നില്ല. | 1-12-2 |
| 16 | വാടക ഇളവ്- സർക്കാർ ഉത്തരവ് പാലിച്ചിട്ടില്ല | 1-13 |
| 17 | ലൈസൻസ് ഇല്ലാതെ വ്യാപാരസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. | 1-14 |
| 18 | സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തെങ്ങ് കയറ്റ് യന്ത്രം വ്യക്തികൾക്ക് വിതരണം ചെയ്തു. | 1-15 |
| 19 | കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലേയ്ക്കുള്ള മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല | 1-16 |
| 20 | പാലിയേറ്റീവ് കെയർ - ഡ്രൈവറെ നിയമിച്ചതിന് പി.എം.സി അംഗീകാരം ലഭ്യമായിട്ടില്ല | 1-17 |
| 21 | മുൻകൂറായി തുക നൽകിയെങ്കിലും ഹോമിയോ മരുന്നുകൾ ലഭ്യമായിട്ടില്ല | 1-18 |
| 22 | കന്നുകുട്ടി പരിപാലനം പ്രോജക്ട്-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-19 |
| 23 | വീട് വാസയോഗ്യമാക്കൽ പ്രോജക്ടുകൾ - അനുവദനീയമായതിലും കുറവ് തുക വകയിരുത്തി | 1-20 |
| 24 | ഹരിത കർമസേനയ്ക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ട് | 1-21 |
| 25 | പൊതുടാപ്പുകളുടെ എണ്ണം നിർണയിച്ച് ഉപയോഗിക്കുന്നവയ്ക്ക് മാത്രം വെള്ളക്കരം ഒടുക്കേണ്ടതാണ് | 1-22 |

| | | |
|---|---|---|
| 26 | എസ്.സി വൃദ്ധർക്ക് കട്ടിൽ വാങ്ങൽ-നടപടിക്രമങ്ങളിൽ അപാകം | 1-23 |
| 27 | എസ് എസ് എ ഷെയർ - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 1-24 |
| 28 | എസ്.സി വിദ്യാർത്ഥികൾക്ക് ഫർണീച്ചർ - സ്റ്റോർസ് പർച്ചേസ് വ്യവസ്ഥകൾ പാലിക്കാതെ നേരിട്ട് വാങ്ങി | 1-25 |
| 29 | GeM മുഖേന വാങ്ങുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടില്ല | 1-25-1 |
| 30 | ആർട്കോയുടെ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്ത സാധനങ്ങൾ വാങ്ങി | 1-25-2 |
| 31 | ആർട്കോയുടെ പ്രൈസ് ലിസ്റ്റിൽ ഉള്ളതിനെക്കാൾ ഉയർന്ന നിരക്കിൽ ചെയറുകൾ വാങ്ങി | 1-25-3 |
| 32 | അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ഫയൽ സൂക്ഷിപ്പ്- അപാകതകൾ | 1-26 |
| 33 | അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ രേഖകൾ ഹാജരാക്കിയില്ല | 1-27 |
| 34 | നിശ്ചിത സമയപരിധിയ്ക്കകം കരാർ‌ചമയ്ക്കാത്തതിന് നിയമാനുസൃതം പിഴ ഈടാക്കിയിട്ടില്ല | 1-28 |
| 35 | ടേക് എ ബ്രേക് ശൗചാലയ നിർമ്മാണം- നടപടിക്രമങ്ങൾ പാലിച്ചില്ല | 1-29 |
| 36 | മരാമത്ത് പ്രവൃത്തികൾ - പ്രവൃത്തി പൂർത്തീകരണം -സമയം ദീർഘിപ്പിച്ചതിന് ഫൈൻ ഈടാക്കിയിട്ടില്ല | 1-30 |
| 37 | ടെണ്ടർ ഫോം വില തനത് ഫണ്ടിലേക്ക് മാറ്റാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-31 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ആർട്കോയുടെ പ്രൈസ് ലിസ്റ്റിൽ ഉള്ളതിനെക്കാൾ ഉയർന്ന നിരക്കിൽ ചെയറുകൾ വാങ്ങി | 3-1 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |

| | | |
|---|---|---|
| 9 | ചാർജ്സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷികധനകാര്യപത്രിക | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

24-02-2021 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. 3/1 പ്രകാരം 2021-22 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

21-02-2022 ലെ 14/1 നമ്പർ തീരുമാന പ്രകാരം പരിഷ്കരിച്ച ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 1,97,61,251 |
| തൻവർഷം വരവ് | 21,23,66,265 |
| ആകെ വരവ് | 23,21,27,516 |
| ചെലവ് | 22,35,58,950 |
| നീക്കിയിരിപ്പ് | 85,68,566 |

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2021-22 | 31-7-2022 | 23.06.2022 | - | - |

### 1-2-1 വാർഷിക കണക്കിലെ അപാകങ്ങൾ

2021-22 വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു

1)മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് എ സി ആർ പ്രകാരം ചെലവ് 4161443/- രൂപയാണെങ്കിലും വാർഷികകണക്കിൽ രേഖപ്പെടുത്തിയിട്ടുള്ള ചെലവ് 4037433/- രൂപ മാത്രമാണ്

2) KURDFC ലോൺ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

3)സ്ഥിരനിക്ഷേപത്തിന്റെ വിവരം രേഖപ്പെടുത്തുന്നതിന് ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

4)എം.ജി എൻ.ആർ.ഇ.ജി.എസിന്റെ ചെലവ് വാർഷികകണക്കിലെ കണക്കുമായി പൊരുത്തപ്പെടുന്നില്ല

EFMS സ്റ്റേറ്റ്മെന്റ് പ്രകാരം-24505000/-

എ എഫ് എസ് പ്രകാരം -25578224/-

4)അഡ്വാൻസ് രജിസ്റ്ററിൽ മറ്റ് ഏജൻസികൾക്ക് പ്രവൃത്തികൾക്കായി നൽകുന്ന അഡ്വാൻസുകളുടെ വിവരം രേഖപ്പെടുത്തുന്നില്ല. 2021-22 വർഷത്തിൽ കെ എസ് ഇ ബിക്ക് നൽകിയ മുൻകൂർ Advance To Implementing Agencies എന്ന ഹെഡിൽ രേഖപ്പെടുത്തിയിട്ടില്ല

5) അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ലഭ്യമായില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 21486177 |
| വരവ് | 70946848.63 |
| ആകെ | 92,433,025.63 |
| ചെലവ് | 68225972 |
| നീക്കിയിരിപ്പ് | 24,207,053.63 |

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ (*) | 0 | 14402230 | 14402230 | 12712026 | 1690204 |
| വികസനഫണ്ട് -എസ്.സി.പി (**) | 0 | 8700483 | 8700483 | 7227926 | 1472557 |
| മെയ്ന്റനൻസ് ഗ്രാന്റ് -റോഡ് | 0 | 9453740 | 9453740 | 8458599 | 995141 |
| മെയ്ന്റനൻസ് ഗ്രാന്റ്-നോൺ റോഡ്# | 0 | 4870979 | 4870979 | 4037433 | 709536 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺടൈഡ് ഗ്രാന്റ്-New*** | 0 | 2954000 +70973 (പലിശ) | 3024973 | 2978127 | 46846 (ബാങ്കിൽ അവശേഷിക്കുന്നു) |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്-New*** | 0 | 4431000 | 4431000 | 667445 | 3763555 (ബാങ്കിൽ അവശേഷിക്കുന്നു) |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺടൈഡ് ഗ്രാന്റ്-Spillover | 0 | 794422 | 794422 | 346000 | 448422 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്-Spillover | 0 | 1692904 | 1692904 | 1204534 | 488370 |

(*) അങ്കണവാടി വർക്കേഴ്സിന്റെ പ്രതിഫലത്തുക, ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് എന്നിവയ്ക്കുള്ള ചെലവ് തുകയായ 1803434/-രൂപ മേൽ പട്ടികയിലെ വികസന ഫണ്ട് - ജനറൽ വരവിലും ചെലവിലും ഉൾപ്പെട്ടിട്ടില്ല.

(**) ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് എന്നിവയ്ക്കുള്ള ചെലവ് തുകയായ 39566/- മേൽ പട്ടികയിലെ വികസന ഫണ്ട് - SCP വരവിലും ചെലവിലും ഉൾപ്പെട്ടിട്ടില്ല.

(#)മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് എ സി ആർ പ്രകാരം ചെലവ് 4161443/- രൂപയാണെങ്കിലും വാർഷികകണക്കിൽ രേഖപ്പെടുത്തിയിട്ടുള്ള ചെലവ് 4037433/- രൂപ മാത്രമാണ്

കേന്ദ്രാവിഷ്കൃതം

1. ICDS

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ICDS കേന്ദ്രവിഹിതം | 441178 | 862352 | 1303530 | 1024053 | 279477 |

2. തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 0 | 794701 | 794701 | 794701 | 0 |
| എം.എൻ.ആർ.ഇ.ജി.എസ്-തൊഴിലാളികളുടെ വേതനം | 0 | 24783523 | 24783523 | 24783523 | 0 |
| ആകെ | 0 | 25578224 | 25578224 | 25578224 | 0 |

എം.ജി എൻ.ആർ.ഇ.ജി.എസിന്റെ ചെലവ് വാർഷികകണക്കിലെ കണക്കുമായി പൊരുത്തപ്പെടുന്നില്ല

EFMS സ്റ്റേറ്റ്മെന്റ് പ്രകാരം-24505000/-

എ എഫ് എസ് പ്രകാരം -25578224/-

3.സമ്പൂർണ്ണശുചിത്വ ഫണ്ട്

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 542250 | 0 | 542250 | 203840 | 338410 |

സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ

1. ശുചിത്വ മിഷൻ ഗ്രാന്റ്

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ശുചിത്വ ഫണ്ട് | 3177180 | 0 | 3177180 | 2828699 | 348481 |

2.ലൈഫ് മിഷൻ സംസ്ഥാനവിഹിതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ലൈഫ് ഭവനപദ്ധതി | 3403 | 1350000 | 1353403 | 1350000 | 3403 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 247 | 125124300 | 164 | 53254657 | 0 | 83 | 66.4 |

അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 66.3%എണ്ണത്തിന് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 42.5% തുക മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്.

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികൾക്കായി വകയിരുത്തിയ തുകയുടേയും ചെലവിന്റേയും വിവരം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 12 | 12 | 4675266 | 4143918 | 88.63 |
| വെറ്ററിനറി സർജ്ജൻ | 8 | 7 | 2598500 | 1865255 | 71.78 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 650000 | 650000 | 100 |
| മെഡിക്കൽ ഓഫീസർ-cHC | 7 | 7 | 1600000 | 1540657 | 96.29 |
| മെഡിക്കൽ ഓഫീ സർ-ആയുർവേദം | 1 | 1 | 750000 | 750000 | 100 |
| വി.ഇ.ഒ | 25 | 16 | 64984144 | 10828054 | 16.66 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 7 | 6980555 | 5635333 | 80.73 |
| സെക്രട്ടറി | 37 | 25 | 8718378 | 5863871 | 67.26 |
| അസി.സെക്രട്ടറി | 5 | 4 | 1993850 | 1805395 | 90.55 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 136 | 79 | 30508257 | 19337384 | 63.38 |
| എച്ച്.എം | 6 | 4 | 1296350 | 776150 | 59.87 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 369000 | 58640 | 15.89 |
| ആകെ | 247 | 164 | 125124300 | 53254657 | 42.56 |

അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 0 | 794701 | 794701 | 794701 | 0 |
| എം.എൻ.ആർ.ഇ.ജി.എസ്-തൊഴിലാളികളുടെ വേതനം | 0 | 24783523 | 24783523 | 24783523 | 0 |
| ആകെ | 0 | 25578224 | 25578224 | 25578224 | 0 |

എം.ജി എൻ.ആർ.ഇ.ജി.എസിന്റെ ചെലവ് വാർഷികകണക്കിലെ കണക്കുമായി പൊരുത്തപ്പെടുന്നില്ല

EFMS സ്റ്റേറ്റ്മെന്റ് പ്രകാരം-24505000/-

എ എഫ് എസ് പ്രകാരം -25578224/-

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 10,560 | 4 |

| | | | |
|---|---|---|---|
| 2 | കർഷക തൊഴിലാളി പെൻഷൻ | 3,179,300 | 223 |
| 3 | വിധവാ പെൻഷൻ | 16,909,600 | 1107 |
| 4 | വാർദ്ധക്യകാല പെൻഷൻ | 33,125,300 | 2315 |
| 5 | വികലാംഗ പെൻഷൻ | 4,316,600 | 288 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 1,338,200 | 89 |
| 7 | വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 300,000 | 10 |

## 1-8 കാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22-03-2023 ന് 12.45 P.m – ന് സ്ഥാപനത്തിലെ ഹെഡ് ക്ലാർക്കിന്റെ സാന്നിധ്യത്തിൽ നടത്തി. 47970/- രൂപയുടെ വരവ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ വിഷയങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. .
ഫ്രണ്ട് ഓഫീസിൽ ഒരു ദിവസം ഒരാളെയാണ് ചുമതലപ്പെടുത്തുന്നത്. ഗ്രാമപഞ്ചായത്തിലെ രസീതികൾ മുഖേന കളക്ട് ചെയ്യുന്ന തുക അതേ ദിവസം അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ബാങ്കിൽ അടവാക്കുകയും അടവു വിവരം പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്.
ബജറ്റ് നടപടിക്രമങ്ങൾ കാര്യക്ഷമമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനുള്ള ശ്രമം ഉണ്ടാകേണ്ടതുമാണ്.

അസി.എഞ്ചിനീയറുടെ ഫയലുകളിൽ പല വർക്ക് ഫയലുകളിലും ടെണ്ടർ രേഖകൾ, എഗ്രിമെന്റ്, പ്രവൃത്തികളുടെ TS ലഭ്യമായതിന്റെ രേഖ , എസ്റ്റിമേറ്റ് റിപ്പോർട്ട്, സൈറ്റ് പ്ലാൻ എന്നിവ സൂക്ഷിച്ചിട്ടില്ല. ഫയലുകളിൽ എല്ലാ രേഖകളും ഉൾപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. ടെണ്ടർ ഫോം വില തനതു ഫണ്ടിലേക്ക് മാറ്റാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

06.07.2009മുതൽ 18.07.2009വരെ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2004-05 മുതൽ 2008-09 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. 09-02-22തീയതിയിൽ നടന്ന പെർഫോമൻസ് ഓഡിറ്റിൽ ജനുവരി/22 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. ഗുരുതരമായ ക്രമക്കേടുകളൊന്നും റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടില്ല. പൊതുവായ പരാമർശങ്ങൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

## 1-11 വസ്തു നികുതി-ഗണം തെറ്റായി രേഖപ്പെടുത്തി

വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് 30 രൂപയും 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ളവയ്ക്ക് ചതുരശ്ര മീറ്ററിന് 50 രൂപയുമാണ് ഗ്രാമപഞ്ചായത്തിൽ നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക്. സഞ്ചയ ഡേറ്റബേസ് പരിശോധിച്ചതിൽ 100 ച. മീറ്ററിലധികം തറവിസ്തീർണ്ണമുള്ള വിവിധ കെട്ടിടങ്ങളെ 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഉപയോഗക്രമം രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചിട്ടുണ്ട്.ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | കെട്ടിട ഉടമയുടെ പേര്, വിലാസം | വിസ്തീർണ്ണം (ച.മീ)/ തരം | നിർണ്ണയിച്ച വസ്തുനികുതി | നിർണ്ണയിക്കേണ്ട വസ്തുനികുതി | പ്രാബല്യം | പ്രതി വർഷ നഷ്ടം |
|---|---|---|---|---|---|---|
| 9/266 | ശോഭന | 194 | 30X194= 5820<br>ഇളവ് =10%<br>വർദ്ധനവ്=20%<br>BT=6402<br>LC=321<br>Total= 6723 | 50X194= 9700<br>ഇളവ് =10%<br>വർദ്ധനവ്=20%<br>BT=10670<br>LC=533<br>Total= 11203 | 2013 | 4480 |
| 1/91A | മുഹമ്മദ് ഇക്ബാൽ | 184 | 184X30= 5520<br>ഇളവ് =10%<br>വർദ്ധനവ്=20%<br>BT=6072<br>LC=304<br>Total= 6376 | 184X50= 9200<br>ഇളവ് =10%<br>വർദ്ധനവ്=20%<br>BT=10120<br>LC=506<br>Total= 10626 | 2013 | 4250 |
| 6/416B | കുഞ്ഞുമോൻ & സുഹറ | 155 | 155X30= 4650<br>ഇളവ് =10%<br>വർദ്ധനവ്=0<br>BT=4185<br>LC=210<br>Total=4395 | 155X50= 7750<br>ഇളവ് =10%<br>വർദ്ധനവ്=0<br>BT=6975<br>LC=349<br>Total=7323 | 2013 | 2929 |

2013 പ്രാബല്യത്തിൽ നികുതി നിർണ്ണയം നടത്തിയിട്ടുള്ള കെട്ടിടങ്ങളെ വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഗണത്തിലുൾപ്പെടുത്തിയതിനാൽ പ്രതിവർഷ നഷ്ടം ഉണ്ടാകുന്നുണ്ട്. അതുകൊണ്ടുതന്നെ മേൽ കെട്ടിടത്തിന്റെ ഫോം-6 പരിശോധിക്കേണ്ടതും 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ ഗണത്തിലുൾപ്പെടുത്തി അപാകത പരിഹരിക്കേണ്ടതും സഞ്ചയയിൽ ആവശ്യമായ മാറ്റം വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും കെട്ടിടത്തിന്റെ ഫോം-6 സഹിതം ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.20/23.03.2023) വസ്തുനികുതി പുതിയ നിരക്കിൽ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന മറുപടി നൽകി.

### 1-12 തൊഴിൽ നികുതി-അപാകതകൾ

2021-22 വർഷത്തിലെ തൊഴിൽ നികുതി പിരിച്ചെടുക്കുന്നതു സംബന്ധിച്ച രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ തുടർ ഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-12-1 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

തൊഴിൽ നികുതി സംബന്ധിച്ച റിട്ടേൺസ് പരിശോധിച്ചതിൽ 2021-22രണ്ടാം പകുതിയിൽ താഴെപ്പറയുന്ന സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി കുറവായാണ് ഈടാക്കിയത്.

1) റോയൽ ഡെന്റൽ കോളേജ്

| ജീവനക്കാരന്റെ | അർദ്ധവാർഷിക | തൊഴിൽ | തൊഴിൽ | കുറവ് |
|---|---|---|---|---|

| പേര് | വരുമാനം | നികുതി ഈടാക്കിയത് | നികുതി ഈടാക്കേണ്ടത് | |
|---|---|---|---|---|
| മുഹമ്മദ് ഷറീഫ്.സി.പി, ലാബ് അസിസ്റ്റന്റ് | 57,299 | 300 | 450 | 150 |
| രജനി സേതുമാധവൻ, റിസപ്ഷനിസ്റ്റ് | 47,318 | 300 | 450 | 150 |
| രജിത.എം, ചെയർസൈഡ് അസിസ്റ്റന്റ് | 44914 | 180 | 300 | 120 |
| സുഹറ, ചെയർസൈഡ് അസിസ്റ്റന്റ് | 52,455 | 300 | 450 | 150 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.23/23.03.2023) ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഇനത്തിൽ ലഭിക്കേണ്ടതായ തുക ഓഡിറ്റ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട് (രശീതി നം.1221303607/28.03.2023).

1-12-2 സ്ഥാപനങ്ങളുടെ ലിസ്റ്റ് സൂക്ഷിക്കുന്നില്ല.

പഞ്ചായത്തിന് കീഴിൽ പ്രവർത്തിക്കുന്ന വ്യാപാരസ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ വ്യാപാരികളുടെ തൊഴിൽ നികുതി/ സ്ഥാപന തൊഴിൽ നികുതി കൃത്യമായി ഡിമാന്റ് ചെയ്യപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിക്കാനോ വ്യാപാരികളുടെ തൊഴിൽ നികുതി ഇനത്തിലെ വരവിന്റെ കൃത്യത പരിശോധിച്ചുറപ്പിക്കാനോ കഴിഞ്ഞിട്ടില്ല. വാർഡ് തിരിച്ചുള്ള വ്യാപാരസ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കേണ്ടതും ലഭിക്കാനുള്ള തുകയുടെ കൃത്യത ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ചുറപ്പിക്കേണ്ടതുമാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.23/23.03.2023) മറുപടി ലഭിച്ചിട്ടില്ല.

1-13 വാടക ഇളവ്- സർക്കാർ ഉത്തരവ് പാലിച്ചിട്ടില്ല

2021-22 വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ കോവിഡ് മഹാമാരിയെ തുടർന്ന് പഞ്ചായത്തിന്റെ കെട്ടിടത്തിലെ വിവിധ വാടകകാർക്ക് കെട്ടിട വാടകയിൽ ഇളവ് നൽകിയിട്ടുണ്ട്.

1)സ.ഉ(കൈ)നം.261/2021/ത.സ്വ.ഭ.വ, തിയതി.06.11.2021 ഉത്തരവ് പ്രകാരം 2021 ജൂലൈ മുതൽ 2021 ഡിസംബർ വരെ വാടക ഒഴിവാക്കി നൽകുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്.

പഞ്ചായത്തിന്റെ കീഴിലുള്ള താഴെപ്പറയുന്ന കെട്ടിടമുറികൾക്ക് മേൽപ്പറഞ്ഞ കാലയളവ് പരിഗണിക്കാതെ വാടക ഇളവ് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | വാടക ഇളവ് നൽകിയ കാലയളവ് | പ്രതിമാസ വാടക |
|---|---|---|
| XIII-40 | 08/2021- 01/2022 | 759 |
| XIII-43 | 09/2021- 02/2022 | 759 |
| XIII-44 | 09/2021- 02/2022 | 759 |

| | | |
|---|---|---|
| XI-277A | 09/2021- 02/2022 | 2056 |
| XI-277D | 08/2021- 01/2022 | 2111 |

2) സ.ഉ(സാധാ)നം.1278/2020/തസ്വഭവ, തിയതി.29.06.2020 ഉത്തരവ് പ്രകാരം വാടക ഇളവിന് അപേക്ഷിക്കുന്ന വ്യക്തി തന്റെ സ്ഥാപനം ടി കാലയളവിൽ പ്രവർത്തിച്ചിട്ടില്ല എന്ന് സാക്ഷ്യപ്പെടുത്തുന്ന സത്യവാങ്മൂലം ഹാജരാക്കേണ്ടതും തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഇപ്രകാരം ലഭിക്കുന്ന അപേക്ഷയിൻമേൽ റിപ്പോർട്ട് നൽകേണ്ടതാണ്.

വാടക ഇളവ് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ വാടക ഇളവ് ലഭിക്കുന്നതിനായി അപേക്ഷ തരാത്തവർക്കും ടി ആനുകൂല്യം നൽകിയിട്ടുണ്ട്. അപേക്ഷ തരാത്തവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ/ വാടകകാരന്റെ പേര് | വാടക ഇളവ് നൽകിയ കാലയളവ് | പ്രതിമാസ വാടക |
|---|---|---|
| 13/64A, 13/64B, 13/64D- സുരേഷ് | 07/2021- 12/2021 | 1106, 1106, 316 |
| 11/277G- മാത്തുകുട്ടി | 07/2021- 12/2021 | 2513 |
| 11/277E- ലിബിനി | 07/2021- 12/2021 | 2927 |

4) വാടക ഇളവ് ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ ബന്ധപ്പെട്ട മേലാധികാരികൾ പരിശോധിച്ചതായി കാണുന്നില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.17/23.03.2023) മറുപടി ലഭിച്ചിട്ടില്ല.

സർക്കാർ ഉത്തരവിന് വിധേയമായി മാത്രം വാടക ഇളവ് നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 ലൈസൻസ് ഇല്ലാതെ വ്യാപാരസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

1996 ലെ കേരള പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടത്തിലെ 232,233 എന്നീ വകുപ്പുകൾ പ്രകാരം ലൈസൻസ് കൂടാതെ ഒരാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കുവാൻ പാടില്ല എന്ന നിബന്ധന പറയുന്നുണ്ട്.

1) ചാലിശ്ശേരി ഗ്രാമപഞ്ചായത്തിൽ വസ്തുനികുതി അടവാക്കുന്ന കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിച്ചതിൽ 1900 ഓളം സ്ഥാപനങ്ങൾ ലൈസൻസിന്റെ പരിധിയിൽ ഉൾപ്പെടുന്നവയാണ്. എന്നാൽ 288 സ്ഥാപനങ്ങൾ മാത്രമാണ് തൻവർഷം ലൈസൻസ് എടുത്തിട്ടുള്ളത്.

2) ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ചാലിശ്ശേരി ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻകടകൾ, കള്ള്ഷാപ്പുകൾ, ഓഡിറ്റോറിയങ്ങൾ, പെട്രോൾ പമ്പുകൾ മുതലായവ ലൈസൻസ് എടുത്തിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നം/ കെട്ടിട നം | സ്ഥാപനത്തിന്റെ വിവരങ്ങൾ |
|---|---|

| | |
|---|---|
| 2/369/A | ഫ്യുവൽ സ്റ്റേഷൻ |
| 6/163/A | ഫ്യുവൽ സ്റ്റേഷൻ |

ലൈസൻസ് ബാധകമായ സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടു വരുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നാണ് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.24/23.03.2023) ലഭിച്ച മറുപടി .

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാരസ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കേണ്ടതും ടി സ്ഥാപനങ്ങൾക്ക് ബാധകമായ ലൈസൻസ് ഫീ ഈടാക്കേണ്ടതുമാണ്.

1-15 സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തെങ്ങ് കയറ്റ് യന്ത്രം വ്യക്തികൾക്ക് വിതരണം ചെയ്തു.

| | |
|---|---|
| പ്രോജക്റ്റ് നം. | 275/22 (തെങ്ങ് കയറ്റ യന്ത്രം വാങ്ങൽ) |
| നിർവഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| അടങ്കൽ | 31220/- (23520-വികസനഫണ്ട്-ജനറൽ, 7700-മറ്റുള്ളവ) |
| ചെലവ് | 30800/- (23100-വികസനഫണ്ട്, 7700-മറ്റുള്ളവ) |
| ബിൽ/സാങ്ഷൻ നം, തിയതി | 14/30.03.22, തുക.23100/-<br>425/26.03.22, തുക.7700/- |

തെങ്ങ് കയറ്റ യന്ത്രം വാങ്ങൽ എന്ന പദ്ധതിയുടെ ഭാഗമായി 11 കർഷകർക്ക് തെങ്ങ് കയറ്റ യന്ത്രം റെയ്ഡ്കോ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങുകയും ആയതിന്റെ വിലയായ 30800/- രൂപ (2800 X 11) മേൽപ്പറഞ്ഞ ബില്ലുകൾ പ്രകാരം റെയ്ഡ്കോ കേരള ലിമിറ്റഡിന്റെ അക്കൗണ്ടിലേയ്ക്ക്
(A/c No.090031001500010) നൽകുകയും ചെയ്തിട്ടുണ്ട്. ചാലിശ്ശേരി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 22.03.2022 തിയതിയിലെ 20(1)-ാം നമ്പർ തീരുമാന പ്രകാരം തെരഞ്ഞെടുത്ത 11 ഗുണഭോക്താക്കൾക്കാണ് തെങ്ങ് കയറ്റ യന്ത്രം നൽകിയിട്ടുള്ളത്.

സബ്സിഡി മാർഗ്ഗരേഖ നം.സ.ഉ(കൈ)നം.22/2018/തസ്വഭവ, തിയതി.14.02.2018-ലെ ഖണ്ഡിക 6.1.8 പ്രകാരം തെങ്ങിൽ കയറാനുള്ള യന്ത്രം സമിതികൾക്കും സംഘങ്ങൾക്കും മാത്രമാണ് നൽകാവുന്നത്. വ്യക്തികൾക്ക് നൽകാൻ പാടില്ല എന്ന് പ്രത്യേകം പരാമർശിക്കുന്നുണ്ട്.

സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി വ്യക്തികൾക്ക് തെങ്ങ് കയറ്റ യന്ത്രം നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5/22.03.2023) മറുപടി ലഭിച്ചിട്ടില്ല.

1-16 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലേയ്ക്കുള്ള മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

ചാലിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള സി.എച്ച്.സി യിലേയ്ക്ക് മരുന്നുകൾ വാങ്ങുന്നതിനായി മെഡിക്കൽ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി വിവിധ പ്രോജക്ടുകൾ പ്രകാരം തുക കെ.എം.എസ്.സി.എൽ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)

| | |
|---|---|
| പ്രോജക്ട് നമ്പർ | 49/22 (ചാലിശ്ശേരി ഡയാലിസിസ് യൂണിറ്റ് ധനസഹായം) |
| അടങ്കൽ | 150000/- (വികസന ഫണ്ട്-ജനറൽ) |
| ചെലവ് | 144617/- |
| ബിൽ നം തിയതി | 1) 6/28.07.21, തുക.7140/-<br>7/28.07.21, തുക.50850/-<br>2) 8/18.08.21, തുക.8678/-<br>3) 13/25.10.21, തുക.16992/-<br>4) 20/08.02.22, തുക.52707/-<br>5) 21/15.02.22, തുക.8250/- |

ബിൽ നം . 13/25.10.21 പ്രകാരം 16992/- രൂപ മരുന്ന് വാങ്ങുന്നതിനായി കെ.എം.എസ്.സി.എൽ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട് (പ്രൊഫോർമ ഇൻവോയ്സ് നം.PRF2248, Dated.23.09.21). മരുന്നുകൾ ഒന്നും തന്നെ ലഭ്യമായിട്ടില്ല.

2)

| | |
|---|---|
| പ്രോജക്ട് നമ്പർ | 50/22 (ജീവൻരക്ഷാ മരുന്ന് ലഭ്യമാക്കൽ) |
| അടങ്കൽ | 100000/- (വികസന ഫണ്ട്-ജനറൽ)<br>200000/- (മെയിന്റനൻസ് ഫണ്ട്-റോഡിതരം) |
| ചെലവ് | 100000/- (വികസന ഫണ്ട്-ജനറൽ)<br>200000/- (മെയിന്റനൻസ് ഫണ്ട്-റോഡിതരം) |
| ബിൽ നം തിയതി | 1) 4/28.07.21, തുക.200000/-<br>2) 5/28.07.21, തുക.100000/- |

ബിൽ നം . 4/28.07.21 പ്രകാരം 200000/- രൂപ മരുന്ന് വാങ്ങുന്നതിനായി കെ.എം.എസ്.സി.എൽ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട് (പ്രൊഫോർമ ഇൻവോയ്സ് നം.PRF971, Dated.29.06.21). 193539/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. 6461/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല. ലഭ്യമായ മരുന്നുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നം/ തിയതി | ലഭിച്ച മരുന്നുകൾ (തുക) |
|---|---|
| 5790/07.09.21 | 31058 |
| 5584/25.08.21 | 104634 |
| 9799/09.12.21 | 6711 |

| | |
|---|---|
| 11041/15.09.22 | 3905 |
| 9966/01.09.22 | 45745 |
| 25042/20.02.23 | 1486 |
| ആകെ | 193539 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.18/23.03.2023) മറുപടി ലഭിച്ചിട്ടില്ല.

മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-17 പാലിയേറ്റീവ് കെയർ - ഡ്രൈവറെ നിയമിച്ചതിന് പി.എം.സി അംഗീകാരം ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 48/22 (പാലിയേറ്റീവ് പരിചരണം- പൊതുവിഭാഗം) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) |
| അടങ്കൽ | 550000/- (വികസന ഫണ്ട്-ജനറൽ) |
| ചെലവ് | 547211/- (വികസന ഫണ്ട്-ജനറൽ) |

സ.ഉ(സാധാ)നം.553/2019/തസ്വഭവ, തിയതി.07.03.2019 പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖയിലെ ഖണ്ഡിക 2.8 – ൽ വാഹനം വാടകയ്ക്ക് എടുക്കുമ്പോൾ ക്വട്ടേഷൻ ക്ഷണിക്കേണ്ടതും മെഡിക്കൽ ഓഫീസർ അംഗീകരിച്ച ക്വട്ടേഷൻ പി.എം.സി അംഗീകരിക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നുണ്ട്.

2021-22 വർഷത്തേയ്ക്കുള്ള പാലിയേറ്റീവ് പരിചരണ പ്രവർത്തനത്തിനായി തെരഞ്ഞെടുത്ത ശ്രീ.ഇബ്രാഹിം എന്നയാളുടെ KL52D5939 എന്ന വാഹനത്തിന്റെ ക്വട്ടേഷൻ പി.എം.സി അംഗീകരിച്ചിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.19/23.03.2023) മറുപടി ലഭിച്ചിട്ടില്ല.

പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ പ്രകാരം വാഹനം വാടകയ്ക്ക് എടുക്കുമ്പോൾ മെഡിക്കൽ ഓഫീസർ അംഗീകരിച്ച ക്വട്ടേഷൻ പി.എം.സി അംഗീകരിക്കേണ്ടതാണ്.

1-18 മുൻകൂറായി തുക നൽകിയെങ്കിലും ഹോമിയോ മരുന്നുകൾ ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം | 25/22(ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്നുകളും അനുബന്ധ സാമഗ്രികളും വാങ്ങൽ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ(ഹോമിയോ) |
| അടങ്കൽ | 650000/- (മെയിന്റനൻസ് ഫണ്ട്-റോഡിതരം) |
| ചെലവ് | 650000/- (മെയിന്റനൻസ് ഫണ്ട്-റോഡിതരം) |
| ബിൽ റഫറൻസ് നം/ തിയതി | 1) 21210752018900368251/ 02.09.2021, തുക.550000/- 2) 212107520189012994677/ |

| | |
|---|---|
| | 10.03.2022, തുക.100000/- |

ചാലിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങുന്നതിനായി 2021-22 വർഷത്തിൽ 650000/- രൂപ ദി മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന്റെ അക്കൗണ്ടിലേയ്ക്ക് (A/c No. 34306403911) കൈമാറിയിട്ടുണ്ട്.

1) ഫയൽ പരിശോധിച്ചതിൽ, 471014/- രൂപയുടെ മരുന്നുകൾ മാത്രമാണ് നാളിതുവരെയായിട്ടും ലഭ്യമായിട്ടുള്ളത്. 178986/- രൂപയുടെ മരുന്നുകൾ ആശുപത്രിയിൽ ലഭ്യമായിട്ടില്ല എന്ന് വ്യക്തമായി.ലഭ്യമായ മരുന്നുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നം/ തിയതി | ലഭിച്ചിട്ടുള്ള മരുന്നുകൾ (രൂപ) |
|---|---|
| LF 378/20.07.2022 | 152452/- |
| LF 195/20.06.2022 | 48369/- |
| LF 1859/13.02.2023 | 73870/- |
| LF 1661/21.01.2023 | 51631/- |
| LF 2695/17.03.2023 | 144692/- |
| ആകെ | 471014 |

2) ഫയൽ പരിശോധിച്ചതിൽ, നിർവഹണ ഉദ്യോഗസ്ഥൻ ഹോംകോയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല എന്നു കണ്ടെത്തി.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.6/22.03.2023) മറുപടി ലഭിച്ചിട്ടില്ല.
മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
മരുന്ന് വാങ്ങുന്നതിനായി തുക നൽകുമ്പോൾ ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെടേണ്ടതാണ്.

1-19 കന്നുകുട്ടി പരിപാലനം പ്രോജക്ട്-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് | 39/22-കന്നുകുട്ടി പരിപാലനം |
| അടങ്കൽ | 1250000രൂപ<br>(വികസന ഫണ്ട്(ജനറൽ)-625000+ഗുണഭോക്തൃ വിഹിതം-625000<br>നേരിട്ട് ചെലവഴിക്കുന്നത്) |
| ചെലവ് | 625000(വികസന ഫണ്ട്(ജനറൽ)<br>ബിൽ നം- C-20/21-22, 7-2-22-625000 രൂപ |
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

കന്നുകുട്ടികളുടെ പരിപാലനത്തിനായി വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി 39/22 എന്ന പ്രൊജക്'ടിലൂടെ 625000രൂപ വികസനഫണ്ടിൽ നിന്നും കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാമിന്റെ അസിസ്റ്റന്റ് ഡയറക്ടർക്ക് NEFT മുഖേന കൈമാറിയിട്ടുണ്ട്. (അക്കൗണ്ട് നം.71402140000008).

2021-22ൽ ആരംഭിച്ച പ്രോജക്ടിൽ 50 ഗുണഭോക്താക്കളുണ്ട്. 2-3-22ന് Calf Feed Subsidy Programme Circle -III യിൽ ടി ഗുണഭോക്താക്കളെ എൻറോൾ ചെയ്തിട്ടുണ്ട്. ചാലിശ്ശേരി ക്ഷീരോൽപാദക സഹകരണ

സംഘം മുഖേനയാണ് കാലിത്തീറ്റ വിതരണം ചെയ്യുന്നത്. കാലിത്തീറ്റ വിതരണരജിസ്റ്റർ അനുസരിച്ച് 2022 മാർച്ച് മുതൽ 2023ഫെബ്രുവരി വരെയുള്ള കാലയളവിൽ ഓരോ മാസവും 50 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കിയിട്ടുണ്ട്. പദ്ധതി പൂർത്തിയാക്കുന്ന മുറയ്ക്ക് നല്കിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി അറിയിക്കേണ്ടതാണ്. പദ്ധതി പൂർത്തിയായതിനുശേഷം വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക അതാത് ഹെഡുകളിലേക്ക് തിരികെ അടവാക്കി അറിയിക്കേണ്ടതാണ്. ഇക്കാര്യങ്ങളെക്കുറിച്ച് എൻക്വയറി 2/20-3-23 നല്കിയതിന് മറുപടി ലഭ്യമായില്ല.

## 1-20 വീട് വാസയോഗ്യമാക്കൽ പ്രോജക്ടുകൾ - അനുവദനീയമായതിലും കുറവ് തുക വകയിരുത്തി

2021-22 വർഷത്തിൽ നടപ്പാക്കിയ ഭവന പുനരുദ്ധാരണ പദ്ധതികൾ പരിശോധിച്ചതിൽ നിന്നും ടി പദ്ധതികൾക്കായി തുക വകയിരുത്തിയതിൽ ഓരോ ഗുണഭോക്താവിനും വകയിരുത്തി അനുവദിച്ച തുക മാർഗരേഖയിൽ നിർദേശിച്ചതിലും കുറവാണ്.

സബ്സിഡി മാർഗരേഖ സ.ഉ.(കൈ) നം 22/2018/ത.സ്വ.ഭ.വ, തിയതി 14.2.2018, ഖണ്ഡിക 6.7 പ്രകാരം വീട് വാസയോഗ്യമാക്കുന്നതിന് ജനറൽ വിഭാഗത്തിലെ ഗുണഭോക്താവിന് പരമാവധി 100000 രൂപ വരെയും, SCP പ്രോജക്റ്റുകളിൽ ഒരു ഗുണഭോക്താവിന് പരമാവധി 150000 രൂപയും അനുവദിക്കാവുന്നതാണ്. 2021-22 വർഷത്തിൽ നടപ്പാക്കിയ ഭവന പുനരുദ്ധാരണ പദ്ധതികളിൽ താഴെ കൊടുത്ത പ്രകാരമാണ് ധനസഹായം നല്കിയിട്ടുള്ളത്.

| പ്രോജക്റ്റ് നമ്പർ | പ്രോജക്റ്റിന്റെ പേര് | അനുവദിച്ച പരമാവധി തുക |
|---|---|---|
| 33/22 | വീട് വാസയോഗ്യമാക്കൽ (ജനറൽ) | 17000 |
| 158/22 | വീട് വാസയോഗ്യമാക്കൽ (എസ്. സി ) | 25000 |
| 157/22 | വീട് വാസയോഗ്യമാക്കൽ (ജനറൽ) | 17000 |
| 35/22 | വീട് വാസയോഗ്യമാക്കൽ (എസ്. സി ) | 25000 |

ഒരു ഗുണഭോക്താവിന് നല്കാവുന്നതിലും കുറവായി തുക വകയിരുത്തിയതിന്റെ കാരണം ആരാഞ്ഞ് എൻക്വയറി 26/23-3-23 നല്കിയതിന് മറുപടി ലഭ്യമായില്ല.

ഓഡിറ്റ് നിർദേശം

പദ്ധതികൾക്കായി തുക വകയിരുത്തുമ്പോൾ ഗുണഭോക്താക്കൾക്ക് നിയമപ്രകാരം അർഹമായ പരമാവധി തുക നല്കി അവയിലൂടെ ലക്ഷ്യമിട്ട ഭൗതിക നേട്ടം കൈവരിക്കുന്നു എന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-21 ഹരിത കർമസേനയ്ക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ട്

| | |
|---|---|
| പ്രോജക്ട് | 23/22- ഹരിത കർമസേനയ്ക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ട് |
| അടങ്കൽ | 100000രൂപ<br>തനത് ഫണ്ട് |

| | |
|---|---|
| ചെലവ് | 10000(തനത് ഫണ്ട്)<br>വൗച്ചർ നം 22101074/ 31-3-22-10000 രൂപ |
| നിർവഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ |

ഹരിത കർമസേനയുടെ അക്കൗണ്ടിലേക്ക് - (102100030000113)- തുക കൈമാറുകയാണ് മേൽ പ്രോജക്ടിലൂടെ ചെയ്തിരിക്കുന്നത് . ഓരോ ഹരിതകർമ സേനാംഗത്തിനും ലഭിച്ച തുക എത്രയാണെന്നോ അർഹമായ തുകയാണോ നല്കിയിട്ടുള്ളത് എന്നീ കാര്യങ്ങൾ വ്യക്തമല്ല. നല്കേണ്ട തുക ഹരിതകർമ്മസേനയുടെ അക്കൌണ്ടിലേക്ക് തുക കൈമാറുന്നതിനു മുമ്പ് ഓരോ അംഗത്തിനും അർഹതപ്പെട്ട തുക എത്രയാണെന്ന് കണക്കാക്കി നൽകേണ്ടത് പദ്ധതി ഫണ്ട് പിൻവലിച്ച് നൽകുന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതലയാണ്. അത്തരത്തിൽ തുക കണക്കാക്കിയിട്ടില്ല.ഇക്കാര്യങ്ങളെക്കുറിച്ച് എൻക്വയറി നം 7/22-3-23 നല്കിയതിന് മറുപടി ലഭിച്ചില്ല.
വയബിലിറ്റി ഗ്യാപ് ഫണ്ട് കൈമാറുന്നതിനുമുമ്പായി ഓരോ അംഗത്തിനും അർഹമായ വയബിലിറ്റി ഗ്യാപ് ഫണ്ട് കണക്കാക്കിയതിനുശേഷം മാത്രം തുക കൈമാറേണ്ടതാണ്.

1-22 പൊതുടാപ്പുകളുടെ എണ്ണം നിർണയിച്ച് ഉപയോഗിക്കുന്നവയ്ക്ക് മാത്രം വെള്ളക്കരം ഒടുക്കേണ്ടതാണ്

ഓഡിറ്റ് വർഷത്തിൽ വെള്ളക്കരം അടവാക്കുന്നതിനായി മെയിന്റനൻസ് ഗ്രാന്റിൽ നിന്നും പ്രോജക്ട് നടപ്പാക്കിയിട്ടുണ്ട്.വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് | 273/22- വെള്ളക്കരം അടവാക്കൽ |
| അടങ്കൽ | 1118096<br>(മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ്) |
| ചെലവ് | 1118096<br>(മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ്)<br>1.ബിൽ നം-31/5.2.22-979938 രൂപ<br>2.ബിൽ നം-32/25.2.22-61062 രൂപ<br>3..ബിൽ നം-35/19.3.22-77096രൂപ |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

കേരള വാട്ടർ അതോറിറ്റിയുടെ 2022 മാർച്ചിലെ കണക്കുകൾ പ്രകാരം ഗ്രാമപഞ്ചായത്തിൽ ആകെ 237പൊതു ടാപ്പുകളുണ്ട്. ടാപ്പൊന്നിന് ഒരു വർഷം 5512.5രൂപ നിരക്കിൽ 108832 രൂപയാണ് ഒരു മാസത്തെ ഡിമാന്റ്. ടി തുക കേരള വാട്ടർ അതോറിറ്റിയുടെ പി എച്ച് ഡിവിഷൻ തൃശ്ശൂരിലേക്ക് അടവാക്കുന്നുണ്ട്.

ഗാർഹിക കുടിവെള്ള കണക്ഷനുകൾ വ്യാപകമായ സാഹചര്യത്തിൽ പൊതുടാപ്പുകളുടെ ആവശ്യകത വിലയിരുത്തി അത്യാവശ്യമല്ലാത്ത ടാപ്പുകൾ ഒഴിവാക്കുന്നതിനും, ഇവയുടെ കൃത്യമായ എണ്ണം നിർണയിക്കുന്നതിന് സംയുക്ത പരിശോധന നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യങ്ങളെക്കുറിച്ച് എൻക്വയറി-22/23-3-23 നല്കിയതിന് താഴെ കൊടുത്തിരിക്കുന്ന മറുപടി ലഭ്യമാക്കി. 2016-17 ലാണ് സംയുക്ത പരിശോധന നടത്തിയ റിപ്പോർട്ട് പ്രകാരമുള്ള വെള്ളക്കരമാണ് നിലവിൽ അടവാക്കുന്നത് എന്നും നിലവിൽ ഉപയോഗിക്കുന്ന ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിനായി സംയുക്ത പരിശോധന നടത്തുന്നതിന് ഭരണസമിതിയുടെ 14-3-23 ലെ മീറ്റിങ്ങിലെ അജണ്ടയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്.
സംയുക്ത പരിശോധന റിപ്പോർട്ട് ലഭ്യമാക്കി ഉപയോഗിക്കുന്ന ടാപ്പുകൾക്ക് മാത്രമേ വെള്ളക്കരം ഒടുക്കുന്നുള്ളുവെന്ന് ഉറപ്പാക്കേണ്ടതാണ്.

1-23 എസ്.സി വൃദ്ധർക്ക് കട്ടിൽ വാങ്ങൽ-നടപടിക്രമങ്ങളിൽ അപാകം

| | |
|---|---|
| പ്രോജക്ട് | 2/22-വൃദ്ധർക്ക് കട്ടിൽ |

| | |
|---|---|
| അടങ്കൽ | 308850 രൂപ (വികസനം ഫണ്ട്-SCP-261000+ ബ്ലോക്ക് ഷെയർ-47850) |
| ചെലവ് | 246525 രൂപ<br>1) BRനം2121075201101488792/27-3-22, 73525 രൂപ(വികസന ഫണ്ട്-SCP)<br>ARTCOക്യാഷ്/ ക്രെഡിറ്റ് ബിൽ KKD 728/26.3.22-73525-17കട്ടിലുകൾ<br>2)BRനം-2121075201100908359/10-1-22, 125150 രൂപ(വികസന ഫണ്ട്-SCP)<br>3)BRനം-2121075201100916691/11-1-22, 47850 രൂപ(ബ്ലോക്ക് ഷെയർ)<br>ARTCOക്യാഷ്/ ക്രെഡിറ്റ് ബിൽ KKD 194/21.12.21-173000-40 കട്ടിലുകൾ |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

21-22 വർഷത്തിൽ വൃദ്ധർക്ക് കട്ടിൽ എന്ന പ്രോജക്ടിലൂടെ 57 കട്ടിലുകൾ ARTCO യിൽ നിന്നും നേരിട്ട് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

G.O(Rt.)No.1/2021/SPD തിയതി 5-1-2021 പ്രകാരം ARTCO നിർമ്മിക്കുന്നതും സ.ഉ(സാധാ)നം.04/2018 /എസ്.പി.ഡി, തിയതി.02.02.2018 പ്രകാരമുള്ള പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ടതുമായ സാധനങ്ങൾ മാത്രമാണ് ആർട്ട്കോയിൽ നിന്നും നേരിട്ട് വാങ്ങാവുന്നത്. ഉത്തരവിലെ ഖ. 4 പ്രകാരം ഇപ്രകാരം വാങ്ങുന്നതിനുള്ള നിബന്ധനകൾ വ്യക്തമാക്കിയിട്ടുണ്ട്. വാങ്ങുന്ന ഫർണിച്ചർ ARTCO യിൽ നിർമ്മിച്ചതാണെന്നും പുറമേ നിന്നും വാങ്ങിയതല്ലെന്നുമുള്ള സാക്ഷ്യപത്രം അർട്ട്കോയുടെ അധികാരികൾ ലഭ്യമാക്കണമെന്ന് നിർദേശമുണ്ട്. കട്ടിലുകൾ ഇത്തരത്തിൽ നിർമ്മിച്ചതാണെന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. റേറ്റ് കോൺട്രാക്ട് ലിസ്റ്റിൽ ഉൾപ്പെടാത്ത ഫർണീച്ചറുകളുടെ കാര്യത്തിൽ സ്റ്റോർ പർച്ചേസ് നിയമപ്രകാരം ടെണ്ടർ ക്ഷണിക്കേണ്ടതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ, അംഗീകൃത ലിസ്റ്റിൽ ഇല്ലാത്ത തരം കട്ടിലുകളാണ് ആർട്ട്കോയിൽ നിന്നും നേരിട്ട് വാങ്ങിയിട്ടുള്ളത്.
കട്ടിലുകൾ GeM പോർട്ടലിൽ നിന്നും വാങ്ങുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചിരുന്നോ എന്നത് വ്യക്തമല്ല.

14.2.2018 ലെ സ.ഉ.(കൈ)നം.22/2018/ത.സ്വ.ഭ.വ പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ ഖ. 2-7 പ്രകാരം നിർവഹണ ഉദ്യോഗസ്ഥന്റെ വാങ്ങൽ നടപടിക്രമങ്ങളിൽ പ്രത്യേകം പരാമർശിച്ചിട്ടില്ലാത്ത സന്ദർഭങ്ങളിൽ സ.ഉ(പി)നം.259/2010/ത.സ്വ.ഭ.വ തിയതി 8-11-2010, പ്രോക്യൂർമെന്റ് മാർഗരേഖയും 2013ലെ സ്റ്റോർസ് പർച്ചേസ് മാന്വലും ബാധകമാണ്. ആയതനുസരിച്ച് നടപടിക്രമങ്ങൾ പാലിക്കാത്തതിനുമുള്ള കാരണം അറിയിക്കാനാവശ്യപ്പെട്ട് എൻക്വയറി 14/23-3-23 നല്കിയതിന് മറുപടി ലഭ്യമാക്കിയത് ഇതോടൊപ്പം ചേർക്കുന്നു.
അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും കട്ടിൽ വാങ്ങുന്നതിന് പ്രോജക്ട് വിഭാവനം ചെയ്തിരുന്നതിനാൽ ഇവർക്ക് വില ക്വോട്ട് ചെയ്യുന്നതിന് അവസരം നല്കി അതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ARTCOയ്ക്ക് സപ്ളൈ ഓർഡർ നല്കുകയും ചെയ്തു. ജെം വഴി വാങ്ങുമ്പോൾ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനം മറ്റ് സംസ്ഥാനങ്ങളിലേതാവുമ്പോൾ മെറ്റീരിയലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നതിനാലാണ് അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും വാങ്ങാൻ തീരുമാനിച്ചത് എന്നും ആർട്ട്കോയുടെ കട്ടിലുകളുടെ ഗുണനിലവാരം പ്രൊക്യൂർമെന്റ് കമ്മിറ്റി പരിശോധിച്ച് ഉറപ്പാക്കിയിട്ടുള്ളതാണ് എന്നും അറിയിച്ചു.
ആർട്ട്കോ വിതരണം ചെയ്യുന്ന ഫർണീച്ചറുകൾ എല്ലാം ആർട്ട്കോ അംഗങ്ങൾ ഉൽപ്പാദിപ്പിക്കുന്നവയാണ് എന്ന സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ മറുപടിയിലെ പ്രായോഗിക ബുദ്ധിമുട്ടുകൾ വസ്തുതാപരമാണെങ്കിലും സർക്കാർ നിഷ്കർഷിച്ച

നടപടിക്രമങ്ങൾ പാലിച്ച് മാത്രം വാങ്ങേണ്ടതാണ്.

തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളിൽ നിന്ന് മാത്രം ക്വട്ടേഷൻ ക്ഷണിക്കുന്നത് ഒഴിവാക്കേണ്ടതാണ്.

2010 ലെ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ, 2013 ലെ സ്റ്റോർസ് പർച്ചേസ് മാന്വൽ എന്നിവയിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് വാങ്ങലുകൾ ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതാണ്.

## 1-24 എസ് എസ് എ ഷെയർ - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

നിർവഹണ ഉദ്യോഗസ്ഥൻ-ഹെഡ്മാസ്റ്റർ

| പ്രോജക്ട് | 30/22- എസ് എസ് എ വിഹിതം | 31/22- എസ് എസ് എ വിഹിതം |
|---|---|---|
| അടങ്കൽ | 109000രൂപ<br>വികസന ഫണ്ട്(ജനറൽ) | 100000രൂപ<br>വികസന ഫണ്ട്(ജനറൽ) |
| ചെലവ് | 109000(വികസന ഫണ്ട്(ജനറൽ)<br>ബിൽ റഫറൻസ് നം. 21210752019800239142 /27.7.2021-109000രൂപ | 100000(വികസന ഫണ്ട്(ജനറൽ)<br>ബിൽ റഫറൻസ് നം. 21210752019800239150 /27.7.2021-100000രൂപ |

മേൽപ്രൊജക്ടുകൾ പ്രകാരം തുകകൾ പിൻവലിച്ച് എസ് എസ് എ ജില്ലാ പ്രോഗ്രാം ഓഫീസർ പാലക്കാടിന് നൽകിയിട്ടുണ്ട്. തുക ചാലിശ്ശേരി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്കൂളുകൾക്കായി വിനിയോഗിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/20.3.2023) വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി ഹാജരാക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-25 എസ്.സി വിദ്യാർത്ഥികൾക്ക് ഫർണീച്ചർ - സ്റ്റോർസ് പർച്ചേസ് വ്യവസ്ഥകൾ പാലിക്കാതെ നേരിട്ട് വാങ്ങി

പ്രോജക്ട് - 26/22, എസ് സി വിദ്യാർത്ഥികൾക്ക് മേശ,കസേര 2021-22

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ്മാസ്റ്റർ

അടങ്കൽ - 527530/- (വികസന ഫണ്ട് SCP)

ചെലവ് - 527530/- രൂപ

ബിൽ റഫറൻസ് നം. 21210752019801029383/29.1.2022

താഴെ പറയുന്ന സ്പെസിഫിക്കേഷനിലുള്ള 106 മേശയും കസേരയും ആർട്ട്കോ എന്ന ഏജൻസിയിൽ നിന്നും നേരിട്ട് വാങ്ങി വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

ടാക്സ് ഇൻവോയ്സ് നം. KKD-265/18.1.22-527350/-

HW Armless Chair Plankseat And Reaper Back- 106എണ്ണം

Study Table Particle Board 90x45x75cm One Draw Cupboard- 106 എണ്ണം

ഈ പ്രൊജക്ട് നിർവ്വഹിച്ചതിലെ അപാകതകൾ ഉപഖണ്ഡികകളായി ചേർക്കുന്നു.

### 1-25-1 GeM മുഖേന വാങ്ങുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടില്ല

സ.ഉ(പി)നം.07/2019/SPD തിയതി 26-04-2019 പ്രകാരം 25000 രൂപയ്ക്കു മുകളിലുള്ള വാങ്ങലുകൾ (കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഒഴികെ) നടത്തുമ്പോൾ കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ആയ GeM (Government E Marketplace) ൽ സാധനങ്ങൾ ലഭ്യമാണോ എന്ന് പരിശോധിക്കേണ്ടതും GeM ൽ ലഭ്യമായവ GeM മുഖേന നിർബന്ധമായും വാങ്ങേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച പ്രകാരമുള്ള ഫർണീച്ചറുകൾ GeM ൽ ലഭ്യമാണോ എന്ന് പരിശോധിച്ച് നിശ്ചിത സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഫർണീച്ചറുകൾ GeM ൽ ലഭ്യമല്ല എന്ന് രേഖപ്പെടുത്തിയതായി കാണുന്നില്ല. അഞ്ചു ലക്ഷത്തിൽ കൂടുതൽ എസ്റ്റിമേറ്റ് വരുന്ന വാങ്ങലുകൾ നടത്തുമ്പോൾ ഇ-ടെണ്ടർ നടത്തേണ്ടതാണ് എന്ന വ്യവസ്ഥയും പാലിച്ചിട്ടില്ല.

### 1-25-2 ആർട്കോയുടെ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്ത സാധനങ്ങൾ വാങ്ങി

G.O(Rt)No.1/2021/SPD തിയതി 5-1-2021 പ്രകാരം ARTCO നിർമ്മിക്കുന്നതും സ.ഉ(സാധാ)നം.07/2020 /എസ്.പി.ഡി തിയതി.5.2.2020, പ്രകാരമുള്ള പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ട സാധനങ്ങൾ മാത്രമാണ് ആർട്ട്കോയിൽ നിന്നും നേരിട്ട് വാങ്ങാവുന്നത്. 5-1-2021 ലെ ഉത്തരവിലെ ഖ.4 പ്രകാരം ഇപ്രകാരം വാങ്ങുന്നതിനുള്ള നിബന്ധനകൾ നൽകിയിട്ടുണ്ട്. വാങ്ങുന്ന ഫർണിച്ചർ ARTCO യിൽ നിർമ്മിച്ചതാണെന്നും പുറമേ നിന്നും വാങ്ങിയതല്ലെന്നുമുള്ള സാക്ഷ്യപത്രം ലഭ്യമാക്കണമെന്ന് നിർദേശമുണ്ട്. റേറ്റ് കോൺട്രാക്റ്റ് ലിസ്റ്റിൽ ഉൾപ്പെടാത്ത ഫർണീച്ചറുകളുടെ കാര്യത്തിൽ സ്റ്റോർസ് പർച്ചേസ് നിയമപ്രകാരം ടെണ്ടർ ക്ഷണിക്കേണ്ടതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വാങ്ങിയ സ്പെസിഫിക്കേഷനിലുള്ള ടേബിളുകൾ അർട്കോയുടെ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

### 1-25-3 ആർട്കോയുടെ പ്രൈസ് ലിസ്റ്റിൽ ഉള്ളതിനെക്കാൾ ഉയർന്ന നിരക്കിൽ ചെയറുകൾ വാങ്ങി

സ.ഉ(സാധാ)നം.07/2022/എസ്.പി.ഡി തിയതി.2.2.2022 പ്രകാരം ആർട്കോ ഉൽപാദിപ്പിക്കുന്ന ഫർണിച്ചറുകളുടെ റേറ്റ് നിശ്ചയിച്ചിട്ടുണ്ട് . ആയത് പ്രകാരം-HW Armless Chair Plankseat And Reaper Back കസേരയുടെ നിരക്ക് ₹2277/- മാത്രമാണ്. റേറ്റ് കോൺട്രാക്റ്റ് നിരക്കിൽ നിന്ന് വിരുദ്ധമായി 2687/-രൂപ പ്രകാരം ₹410/- അധികനിരക്കിലാണ് കസേരകൾ വാങ്ങിയിട്ടുള്ളത്. റേറ്റ് കോൺട്രാക്റ്റിൽ രേഖപ്പെടുത്തിയ നിരക്ക് പ്രകാരമല്ലാതെ കസേര വാങ്ങിയതിനാൽ ആകെ ₹43460/-(410x106) നഷ്ടമുണ്ടായിട്ടുണ്ട്.

പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്ത സാധനങ്ങൾ നേരിട്ട് വാങ്ങൽ നടത്തിയതിനും അധികനിരക്ക് അനുവദിച്ചതിനും വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/20.3.23) 'അംഗീകൃത ഏജൻസികളിൽ നിന്ന് വില നേരിട്ടറിഞ്ഞ് ആയത് പ്രൊക്യൂർമെന്റ് കമ്മറ്റി അംഗീകരിച്ച് പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനപ്രകാരമാണ് നടപ്പിലാക്കിയതെന്നും GeM മുഖേനയോ മൽസരാധിഷ്ഠിത ടെണ്ടർ നടത്തി വാങ്ങൽ നടത്തുകയോ ചെയ്യുമ്പോൾ കാലതാമസം എടുക്കും എന്നുള്ളതുകൊണ്ടുമാണ് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ അംഗീകൃത ഏജൻസികളിൽ നിന്നും വിലനിലവാരം ശേഖരിച്ച് വാങ്ങൽ നടത്തിയത്" എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

പ്രൊക്യൂർമെന്റ് നടപടികൾ സ്വീകരിക്കാതെ അധികനിരക്കിൽ വാങ്ങിയതിന് മേൽപ്പറഞ്ഞ മറുപടി പര്യാപ്തമല്ലാത്തതിനാൽ അധികമായി അനുവദിച്ച തുക 43460/- നിരാകരിക്കുന്നു.

### 1-26 അസിസ്റ്ററന്റ് എഞ്ചിനീയർ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ഫയൽ സൂക്ഷിപ്പ്- അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനിയർ തൻവർഷം ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ പരിശോധനയിൽ

കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. നിർവ്വഹണോദ്യോഗസ്ഥൻ കാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല.
2. ടെണ്ടർ രജിസ്റ്ററിൽ PAC, ടെണ്ടർ തിയതി, ടെണ്ടറുകൾ ഭരണ സമിതി അംഗീകരിച്ച തിയതി, തീരുമാനം നമ്പർ, ടെണ്ടർ ലഭിച്ച തിയതി, തുടങ്ങിയ വിവരങ്ങൾ ചേർക്കുന്നില്ല.
3. പല വർക്ക് ഫയലുകളിലും ടെണ്ടർ രേഖകൾ, എഗ്രിമെന്റ്, പ്രവൃത്തികളുടെ TS ലഭ്യമായതിന്റെ രേഖ , എസ്റ്റിമേറ്റ് റിപ്പോർട്ട്, സൈറ്റ് പ്ലാൻ എന്നിവ ഫയലുകളിൽ സൂക്ഷിച്ചിട്ടില്ല. ചില ഫയലുകളിൽ ടെണ്ടർ ഫോമുകൾ സൂക്ഷിച്ചിട്ടില്ല. അതിനാൽ കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക് സംബന്ധിച്ച വിവരങ്ങൾ ഉറപ്പാക്കാൻ സാധിക്കുന്നില്ല. എഗ്രിമെന്റിൽ രേഖപ്പെടുത്തേണ്ട പ്രഥമിക വിവരങ്ങൾ പോലും രേഖപ്പെടുത്താതെ മുദ്രപ്പത്രം വാങ്ങി സൂക്ഷിക്കുകയാണ് ചെയ്യുന്നത്. മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ ടെണ്ടർ ഉറപ്പിച്ചതിനുശേഷം കരാറുകാർക്ക് അയക്കുന്ന സെലക്ഷൻ നോട്ടീസ് സൂക്ഷിച്ചിട്ടില്ല.
4. സ്പിൽ ഓവർ പ്രവൃത്തികളുടെ കരാറുകാരുമായി സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല
5. പ്രവൃത്തി പൂർത്തീകരണം സംബന്ധിച്ച് മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.
6. ടെണ്ടർ ഫോമുകൾക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
7. മെഷർമെന്റ് ബുക്കുകൾക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല
8. എഗ്രിമെന്റ് രജിസ്റ്ററിൽ എസ്റ്റിമേറ്റ് തുക, പി.എ.സി, സെക്യൂരിറ്റി ഡെപ്പോസിറ്റ് വിവരം, പിഴ ഈടാക്കിയതിന്റെ വിവരം, പ്രവൃത്തി പൂർത്തീകരണത്തീയതി എന്നിവ ചേർത്തിട്ടില്ല.
9. പുതുക്കിയ പൊതുമരാമത്ത് മാന്വലിനനുസരിച്ച് എഗ്രിമെന്റ് വ്യവസ്ഥകൾ കാലികമാക്കിയിട്ടില്ല. കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കി പുതുക്കിയ പൊതുമരാമത്ത് മാന്വലിലെ നിബന്ധനകൾ ഉൾപ്പെടുത്തേണ്ടതാണ്. എഗ്രിമെന്റിൽ വിവരങ്ങൾ രേഖപ്പെടുത്താതെയാണ് സൂക്ഷിച്ചിട്ടുള്ളത്

മരാമത്ത് ഫയലുകളിൽ അവശ്യം വേണ്ട രേഖകളില്ലാതെ ഫയലുകൾ സൂക്ഷിച്ചിട്ടുള്ളതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.9/22.3.23) മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

ഫയലുകൾ കൃത്യമായി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നതിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-27 അസിസ്റ്ററന്റ് എഞ്ചിനീയർ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ രേഖകൾ ഹാജരാക്കിയില്ല

2021-22 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളുടെ രേഖകളൊന്നും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രൊജക്റ്റ് നമ്പറും പേരും | അടങ്കൽ തുക ഫണ്ടിനം | ചെലവ് തുക ബിൽ.നം& തീയ്യതി |
|---|---|---|---|
| 1 | 127/22 മൂക്കിലപ്പീടിക അവുക്കാട്ടിൽ റോഡ് | 90000/- തനത് ഫണ്ട് | 89903/-(22101052 /31.3.22(SBM) |

| | | | |
|---|---|---|---|
| 2 | 141/22- വിശപ്പുരഹിതകേരളം ക്യാന്റീൻ -അടുക്കള നവീകരണം | 300000/- (PBIG) | 295212/-(22100591 /9.11.21 SBM) |

ആകെ -₹385115/-

പ്രസ്തുത രേഖകൾ ലഭ്യമാക്കുന്നതിനു വേണ്ടി നൽകിയ അന്വേഷണക്കുറിപ്പിന് ( 16/23.3.2023) മറുപടി നൽകുകയോ ടി രേഖകൾ ഹാജരാക്കുകയോ ചെയ്തില്ല.

ആയതിനാൽ മേൽ പട്ടികയിൽ പറയുന്ന മുഴുവൻ രേഖകളും ഹാജരാക്കുന്നത് വരെ ഈയിനത്തിലെ ₹385115/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-28 നിശ്ചിത സമയപരിധിയ്ക്കകം കരാർചമയ്ക്കാത്തതിന് നിയമാനുസൃതം പിഴ ഈടാക്കിയിട്ടില്ല

കേരള പൊതുമരാമത്ത് മാനുവലിലെ വകുപ്പ് 2009.6 പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം മുതൽ 10 ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ കരാർ തുകയുടെ 1% പിഴ ഈടാക്കേണ്ടതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിൽ കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ചാലിശ്ശേരി ഗ്രാമ പഞ്ചായത്ത് 2020-21 ൽ അസിസ്റ്റന്റ് എഞ്ചിനിയർ മുഖേന നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാർ കരാറിലേർപ്പെടുന്നതിന് കാലതാമസം വരുത്തിയതിന് മാനുവലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. (സെലക്ഷൻ നോട്ടീസ് ഫയലിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ടെണ്ടർ അംഗീകരിച്ച തീയ്യതിയാണ് പിഴ കണക്കാക്കുന്നതിന് അവലംബിച്ചിരിക്കുന്നത്

പൊതു മരാമത്ത് മാനുവൽ 2012 – പ്രകാരം കരാറുടമ്പടിയിലേർപ്പെടാൻ വൈകിയതിന് നിയമാനുസൃതം ഈടാക്കേണ്ട പിഴ സംബന്ധിച്ച വിശദാംശങ്ങൾ

1. 129/21 , 131/22മിനി സിവിൽ സ്റ്റേഷൻ ചുറ്റുമതിൽ

| | |
|---|---|
| പ്രൊജക്റ്റ് നമ്പറും പേരും | 129/21 മിനി സിവിൽ സ്റ്റേഷൻ ചുറ്റുമതിൽ |
| അടങ്കൽ തുക, ഫണ്ടിനം | 200000/- Mg(NR) |
| ചെലവ് തുക , ബിൽ നമ്പർ, തീയ്യതി | 187124/- ( Bill No.2/28.07.2021) |
| കരാറുകാരന്റെ പേര് | ശ്രീ.അജിത് കുമാർ.കെ.വി |
| കരാർ നമ്പർ, തീയ്യതി, അളവു പുസ്തകം, നമ്പർ | 52/AE/LIDEW /CHY/2020-21/ Datd 28.10.2020<br>58/2020-21 |

| | |
|---|---|
| ടെണ്ടർ അംഗീകരിച്ച തീയ്യതി | 1(1) Datd. 23.09.2020 |
| സെലക്ഷൻ നോട്ടീസ് നമ്പർ, തീയ്യതി | സെലക്ഷൻ നോട്ടീസ് ഫോം ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും നം., തീയതി രേഖപ്പെട്ടത്തിയിട്ടില്ല |
| കരാർ വെക്കേണ്ട തീയ്യതി | 07.10.2020 |
| കരാർ വെച്ച തീയ്യതി | 28.10.2020 |
| APAC | 178187/- |
| പിഴയിനത്തിൽ ഈടാക്കേണ്ട തുക | 1782/- |
| ഈടാക്കിയ തുക | 0 |
| ബാക്കി ഈടാക്കേണ്ട തുക | 1782/- |

2. 125/22- പടാട്ട് കുന്ന് കിഴക്കേപെട്ടിശ്ശേരി കുഞ്ഞൂട്ടിഹാജി പാലം നിർമ്മാണം സൈഡ് കെട്ടൽ

| | |
|---|---|
| പ്രൊജക്റ്റ് നമ്പറും പേരും | 125/22- പടാട്ട് കുന്ന് കിഴക്കേപെട്ടിശ്ശേരി കുഞ്ഞൂട്ടിഹാജി പാലം നിർമ്മാണം സൈഡ് കെട്ടൽ |
| അടങ്കൽ തുക, ഫണ്ടിനം | 300000/- MG(R) |
| ചെലവ് തുക , ബിൽ നമ്പർ, തീയ്യതി | 299894/-<br>ബിൽ നം. 6/17.8.21- |
| കരാറുകാരന്റെ പേര് | ശ്രീ.ഷഫീഖ്.എ.എം |
| കരാർ നമ്പർ, തീയ്യതി, അളവു പുസ്തകം, നമ്പർ | 58/AE/LSGD /CHY/2019-20,2.11.20<br>01/2021-22 |
| ടെണ്ടർ അംഗീകരിച്ച തീരുമാനം നമ്പറും തീയ്യതിയും | 1(1) Dated 23.09.2020 |

| | |
|---|---|
| സെലക്ഷൻ നോട്ടീസ് നമ്പർ, തീയ്യതി | സെലക്ഷൻ നോട്ടീസ് ഫോം ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും നം., തീയതി രേഖപ്പെടുത്തിയിട്ടില്ല |
| കരാർ വെക്കേണ്ട തീയ്യതി | 07.10.2020 |
| കരാർ വെച്ച തീയ്യതി | 2.11.2020 |
| APAC | 267849/- |
| പിഴയിനത്തിൽ ഈടാക്കേണ്ട തുക | 2678/- (1% Of PAC) |
| ഈടാക്കിയ തുക | 0 |
| ബാക്കി ഈടാക്കേണ്ട തുക | 2678/- |

3. പ്രൊ.നം.133/21,133/22,
പഞ്ചായത്ത് ഓഫീസ് ട്രസ് വർക്ക്

| | |
|---|---|
| പ്രൊജക്ട് നമ്പറും പേരും | പ്രൊ.നം.133/21,133/22, പഞ്ചായത്ത് ഓഫീസ് ട്രസ് വർക്ക് |
| അടങ്കൽ തുക, ഫണ്ടിനം | 495000 (വികസനഫണ്ട് ജനറൽ) |
| ചെലവ് തുക , ബിൽ നമ്പർ, തീയ്യതി | 377829/-(ബിൽ നം. 11/27.10.21) |
| കരാറുകാരന്റെ പേര് | ശ്രീ.സുരേന്ദ്രൻ.ടി |
| കരാർ നമ്പർ, തീയ്യതി, അളവു പുസ്തകം, നമ്പർ | 587/AE/LSGD/CHY /2020-21,26.2.21, 15/2021-22 |
| ടെണ്ടർ അംഗീകരിച്ച തീരുമാനം നമ്പറും തീയ്യതിയും | 1(1),1(2) Dated 2.11.2020 |
| സെലക്ഷൻ നോട്ടീസ് നമ്പർ, തീയ്യതി | സെലക്ഷൻ നോട്ടീസ് ഫോം ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും നം., തീയതി |

| | |
|---|---|
| | രേഖപ്പെടുത്തിയിട്ടില്ല |
| കരാർ വെക്കേണ്ട തീയ്യതി | 16.11.2020 |
| കരാർ വെച്ച തീയ്യതി | 26.2.2021 |
| APAC | 441204/- |
| പിഴയിനത്തിൽ ഈടാക്കേണ്ട തുക | 4412/- (1% Of PAC) |
| ഈടാക്കിയ തുക | 0 |
| ബാക്കി ഈടാക്കേണ്ട തുക | 4412/- |

4. പ്രൊ.നം.233/21,135/22,
കുന്നത്തേരി കുടിവെള്ള പദ്ധതി മോട്ടോർ സ്ഥാപിക്കൽ

| | |
|---|---|
| പ്രൊജക്ട് നമ്പറും പേരും | പ്രൊ.നം.233/21,135/22, കുന്നത്തേരി കുടിവെള്ള പദ്ധതി മോട്ടോർ സ്ഥാപിക്കൽ |
| അടങ്കൽ തുക, ഫണ്ടിനം | 100000 (സി എഫ് സി) |
| ചെലവ് തുക , ബിൽ നമ്പർ, തീയ്യതി | 93481/-(ബിൽ നം. 7/27.10.21) |
| കരാറുകാരന്റെ പേര് | ശ്രീ.ടി.ഉണ്ണിമോൻ |
| കരാർ നമ്പർ, തീയ്യതി, അളവു പുസ്തകം, നമ്പർ | 68/AE/LSGD /CHY/2020-21,26.2.21, 5/2021-22 |
| ടെണ്ടർ അംഗീകരിച്ച തീരുമാനം നമ്പറും തീയ്യതിയും | 1(1),1(2) Dated 2.11.2020 |
| സെലക്ഷൻ നോട്ടീസ് നമ്പർ, തീയ്യതി | സെലക്ഷൻ നോട്ടീസ് ഫോം ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും നം., തീയതി രേഖപ്പെടുത്തിയിട്ടില്ല |
| കരാർ വെക്കേണ്ട തീയ്യതി | 16.11.2020 |

| | |
|---|---|
| കരാർ വെച്ച തീയ്യതി | 26.2.2021 |
| APAC | 88990/- |
| പിഴയിനത്തിൽ ഈടാക്കേണ്ട തുക | 890/- (1% Of PAC) |
| ഈടാക്കിയ തുക | 0 |
| ബാക്കി ഈടാക്കേണ്ട തുക | 890/- കുറഞ്ഞ തുക-1000/- |

ആകെ തുക-9872 /- (തുകകൾ-1782+2678+4412+1000)

കരാറുടമ്പടിയിലേർപ്പെടാനുള്ള കാല താമസത്തിന് നിയമാനുസൃതം പിഴ ഈടാക്കാത്ത നടപടിയിന്മേൽ വിശദീകരണം ലഭ്യമാക്കുനാവശ്യപ്പെട്ട് നൽകിയ 22.03.2023 -ലെ 11- നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നൽകിയില്ല.

ആയതിനാൽ ഈയിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട 9872/-രൂപ അതത് പ്രവൃത്തികൾ നിർവഹിച്ച കാരാറുകാരിൽ നിന്നോ അല്ലാത്ത പക്ഷം ഉത്തരവാദിയായ നിർവഹണോദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിലൊടുക്കണം.

1-29 ടേക് എ ബ്രേക് ശൗചാലയ നിർമ്മാണം- നടപടിക്രമങ്ങൾ പാലിച്ചില്ല

സ.ഉ(കൈ)നം.39/2020/LSGD തിയതി 29-02-2020 പ്രകാരം ദേശീയ-സംസ്ഥാന പാതയോരങ്ങളിൽ 12000 ശുചിമുറികൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ പ്രകാരം ദേശീയപാത, സംസ്ഥാനപാത എന്നിവയ്ക്കരികിൽ മൂന്ന് സെന്റ് സർക്കാർ ഭൂമി ഇതിനായി അതത് തദ്ദേശ സ്ഥാപനങ്ങൾ കണ്ടെത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സ.ഉ(സാധാ) നം.1401/2020/LSGD തിയതി 27-7-2020 പ്രകാരം ടേക് എ ബ്രേക് പൊതു ശുചിമുറികളുടെ നിർമ്മാണത്തിനായി തദ്ദേശ സ്ഥാപനങ്ങൾക്കായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പുതിയ നിർമ്മിതികൾ 31-12-2020 നകം പൂർത്തീ കരിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിരുന്നു.

ചാലിശ്ശേരി ഗ്രാമപഞ്ചായത്ത് ടേക് എ ബ്രേക്ക് പ്രൊജക്ട് പ്രകാരം ശുചിമുറി നിർമ്മിച്ചിട്ടുള്ളത് പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിനകത്താണ്. മെയിൻ റോഡിൽ നിന്നും ഏകദേശം 2 കി.മീ. ഉള്ളിലായാണ് പഞ്ചായത്ത് ഓഫീസ് സ്ഥിതി ചെയ്യുന്നത്. രണ്ട് പ്രൊജക്ടുകളാണ് 'ടേക്ക് എ ബ്രേക്ക്' നു വേണ്ടി നടപ്പിലാക്കിയിട്ടുള്ളത്.

പ്രവൃത്തി നടത്തിയതിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നം. | 147/22 | 266/22 |
|---|---|---|
| പേര് | ടേക് എ ബ്രേക് ശൗചാലയം റസ്റ്റ് റൂം | ടേക്ക് എ ബ്രേക്ക് ബിൽഡിംഗ് പെയിന്റിംഗ്, മുറ്റം ഇന്റർലോക്കിംഗ് |
| അടങ്കൽ | 1200000(നിർമ്മൽ പുരസ്കാർ വിഹിതം) | 154836/-(നിർമ്മൽ പുരസ്കാർ വിഹിതം) |
| ചെലവ് | 1130164 | 53544/- |
| കരാറുകാരൻ | ശ്രീ.ഉണ്ണിമോൻ.ടി | ശ്രീ.അജിത്കുമാർ.കെ.വി |

| | | |
|---|---|---|
| എഗ്രിമെന്റ് നം. | 01/AE/LIDEW /CHY/2021-22,27.8.21 | 66/AE/LIDEW /CHY/2021-22,5.3.22 |
| ബിൽ നം. | 736698/-(വൗച്ചർ നം.22100654/13.12.21 എസ്.ബി.എം) 393466/-(ബിൽ നം.22101039/31.3.22) | 22101075/31.3.22 |
| എം.ബുക്ക് നം. | 21/2021-22, 20/2021-22 | 91/2021-22 |

- പദ്ധതിക്കാവശ്യമായ സ്ഥലം മെയിൻ റോഡിനടുത്തായി ലഭ്യമാക്കാതെ പഞ്ചായത്ത് കോമ്പൗണ്ടിൽ നിർമ്മിക്കാൻ തീരുമാനിച്ചതിന്റെ ഭരണസമിതി തീരുമാനം ഫയലിൽ സൂക്ഷിച്ചിട്ടില്ല.
- ദേശീയപാത, സംസ്ഥാനപാത എന്നിവയ്ക്കരികിൽ ടോയ്‌ലറ്റ് കോംപ്ലക്സ് നിർമ്മിക്കേണ്ടതാണെന്ന നിർദ്ദേശം പാലിക്കാതിരുന്നതും പദ്ധതി നിർവ്വഹണത്തിലെ പോരായ്മയായി വിലയിരുത്തുന്നു.
- തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിലുള്ള കുടുബശ്രീ മിഷൻ (സംരംഭ) യൂണിറ്റുകൾക്കാണ് നടത്തിപ്പ്/പരിപാലന ചുമതല നൽകേണ്ടത്. അപ്രകാരം പരിപാലന ചുമതല നൽകുന്നതിന് ഗ്രാമപഞ്ചായത്തിൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.
- ടേക്ക് എ ബ്രേക്ക് കേന്ദ്രം ഉദ്ഘാടനം നടത്തിയിട്ടില്ലാത്തതിനാൽ പ്രവർത്തനക്ഷമമായിട്ടില്ല.

പഞ്ചായത്ത് കോമ്പൗണ്ടിൽ ടേക് എ ബ്രേക്ക് കേന്ദ്രം നിർമ്മിക്കാൻ തീരുമാനിച്ചതിന്റെ ഭരണസമിതി തീരുമാനം ലഭ്യമാക്കുവാനും പ്രവർത്തനക്ഷമമാവാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/22.3.2023) മറുപടി ലഭ്യമാക്കുകയുണ്ടായില്ല

ഓഡിറ്റ് നിർദ്ദേശം

സ.ഉ.(സാധാ) നം.1401/2020/തസ്വഭവ, തിയതി, 27-7-2020 -ൽ നിർദ്ദേശിച്ച പ്രകാരം ശുചിമുറി സമുച്ചയങ്ങളുടെ തലം, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ നിശ്ചയിച്ച പ്രകാരം തുടർ നടത്തിപ്പ് സാധ്യമാക്കേണ്ടതും പരിപാലന ചുമതല നൽകേണ്ടതുമാണ്.

ഉത്തരവിലെ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കി തുടർ നടപടി വിവരങ്ങൾ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-30 മരാമത്ത് പ്രവൃത്തികൾ - പ്രവൃത്തി പൂർത്തീകരണം -സമയം ദീർഘിപ്പിച്ചതിന് ഫൈൻ ഈടാക്കിയിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായിട്ടുള്ള മരാമത്ത് പ്രവർത്തികൾ സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ ഇതു സംബന്ധിച്ച സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ പാലിച്ചിട്ടില്ല എന്നും നിയമപ്രകാരമുള്ള പിഴ നിശ്ചിതനിരക്കിൽ ഈടാക്കിയിട്ടില്ല എന്നും ബോധ്യപ്പെട്ടു. നിയമാനുസൃത പിഴ ചുമത്താതിരുന്നതു മൂലം പഞ്ചായത്തിന് പിഴ ഇനത്തിൽ തനതുഫണ്ടിന് വരുമാന നഷ്ടവുമുണ്ടായി.

2012 ലെ ജി.ഒ.(പി) 13/2012/PWD/01.02.2012 നമ്പറായുള്ള കേരള പി.ഡബ്ള്യു.ഡി മാന്വലിലെ സെക്ഷൻ 2112.1 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് ആ കാലാവധി വരെ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല. കരാർ കാലാവധി തീരുന്നതിനു മുമ്പ് കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതും ആയത് നിർവ്വഹണോദ്യോഗസ്ഥൻറ ശുപാർശയോടെ പഞ്ചായത്ത് ഭരണസമിതി തീരുമാനത്തോടെ ഫൈൻ ഈടാക്കി ദീർഘിപ്പിക്കാവുന്നതാണ്. എന്നാൽ ഇതു സംബന്ധിച്ച് നടപടിക്രമങ്ങളുടെ രേഖകൾ അപൂർണ്ണമാണ്.

പ്രവൃത്തികളിൽ പൂർത്തീകരണം ദീർഘിപ്പിച്ചതിന് എഗ്രിമെന്റ് കാലയളവിനുള്ളിൽ മതിയായ മുദ്ര പത്രത്തിൽ സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല. പ്രവൃത്തി ദീർഘിപ്പിച്ചതിന്നാധാരമായ ഭരണസമിതി തീരുമാനം ഫയലിൽ ഇല്ല.

സ.ഉ.(സാധാ) നം.1444/2021/ത.സ്വ.ഭ.വ തിയതി, 31-7-2021 പ്രകാരം കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ നിർമ്മാണ പ്രവൃത്തികളുടെ കാലാവധി പിഴയില്ലാതെ 6 മാസം നീട്ടി നൽകിയിട്ടുണ്ട്. എന്നാൽ മേൽ കാലാവധിക്കുള്ളിലും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല. വിശദ വിവരം ചുവടെചേർക്കുന്നു.

| 1)പ്രൊ.നം.125/22, പടാട്ട് കുന്ന് കിഴക്കേപട്ടിശ്ശേരി കുഞ്ഞൂട്ടിഹാജി പാലം നിർമ്മാണം സൈഡ് കെട്ടൽ | | | |
|---|---|---|---|
| അടങ്കൽ - | 300000 (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്) | | |
| PAC- | 267849/- | | |
| കരാറുകാരൻ - | ശ്രീ.ഷഫീഖ്.എ.എം | | |
| സാങ്കേതികാനുമതി | T.S-LSGD/TS/2020-21/52862 /21.9.20<br>പൂർത്തീകരണകാലാവധി-4 മാസം | | |
| എഗ്രിമെന്റ് നം.: | 58/AE/LSGD/CHY/2019-20,2.11.20 | | |
| പാർട്ട് ബിൽ | 195202/- | | |
| ബിൽ / വൗച്ചർ നം.നം. | 104692/-(ബിൽ നം. 6/17.8.21) | | |
| എം.ബുക്ക് നം. | 1/2021-22 | | |
| പൂർത്തീകരിക്കേണ്ട തീയ്യതി | 1.3.21 | | |
| പൂർത്തീകരിച്ച തീയ്യതി | 2.8.21 | | |
| ഫൈൻ സംബന്ധിച്ച് | ഈടാക്കേണ്ടത് (3%) | ഈടാക്കിയത് | കുറവ് |
| | 8035 | - | 8035 |

| 2)പ്രൊ.നം.135/22, കുന്നത്തേരി കുടിവെള്ള പദ്ധതി മോട്ടോർ സ്ഥാപിക്കൽ | |
|---|---|
| അടങ്കൽ - | 100000 (സി എഫ് സി ഗ്രാന്റ്) |
| PAC- | 88990/- |
| കരാറുകാരൻ - | ശ്രീ.ടി.ഉണ്ണിമോൻ |
| സാങ്കേതികാനുമതി | T.S-LSGD/TS/2020-21 /3967/12.2.21<br>പൂർത്തീകരണകാലാവധി-2 മാസം |
| എഗ്രിമെന്റ് നം.: | 68/AE/LSGD /CHY/2020-21,26.2.21 |
| പാർട്ട് ബിൽ | - |
| ബിൽ / വൗച്ചർ നം.നം. | 93481/-(ബിൽ നം. 7/27.10.21) |

| | | | |
|---|---|---|---|
| എം.ബുക്ക് നം. | 5/2021-22 | | |
| പൂർത്തീകരിക്കേണ്ട തീയ്യതി | 25.4.21 | | |
| പൂർത്തീകരിച്ച തീയ്യതി | 29.9.21 | | |
| ഫൈൻ സംബന്ധിച്ച് | ഈടാക്കേണ്ടത് (3%) | ഈടാക്കിയത് | കുറവ് |
| | 2670 | - | 2670 |

| 3)പ്രൊ.നം.276/21,145/22, ആറാം കുന്ന് കുടിവെള്ള പദ്ധതി | | | |
|---|---|---|---|
| അടങ്കൽ - | 125000 (സി എഫ് സി ഗ്രാന്റ്) | | |
| PAC- | 105540/- | | |
| കരാറുകാരൻ - | ശ്രീ.ടി.ഉണ്ണിമോൻ | | |
| സാങ്കേതികാനുമതി | T.S-LSGD/TS/2020-21 /5125/22.2.21<br>പൂർത്തീകരണകാലാവധി-2 മാസം | | |
| എഗ്രിമെന്റ് നം.: | 67/AE/LSGD /CHY/2020-21,26.2.21 | | |
| പാർട്ട് ബിൽ | - | | |
| ബിൽ / വൗച്ചർ നം.നം. | 117314/-(ബിൽ നം. 8/27.10.21) | | |
| എം.ബുക്ക് നം. | 4/2021-22 | | |
| പൂർത്തീകരിക്കേണ്ട തീയ്യതി | 25.4.21 | | |
| പൂർത്തീകരിച്ച തീയ്യതി | 29.9.21 | | |
| ഫൈൻ സംബന്ധിച്ച് | ഈടാക്കേണ്ടത് (3%) | ഈടാക്കിയത് | കുറവ് |
| | 3166 | - | 3166 |

| 4)പ്രൊ.നം.133/21,133/22, പഞ്ചായത്ത് ഓഫീസ് ട്രസ് വർക്ക് | | | |
|---|---|---|---|
| അടങ്കൽ - | 495000 (വികസനഫണ്ട് ജനറൽ) | | |
| PAC- | 441204/- | | |
| കരാറുകാരൻ - | ശ്രീ.സുരേന്ദ്രൻ.ടി | | |
| സാങ്കേതികാനുമതി | T.S-LSGD/TS/2020-21 /8076/14.2.21<br>പൂർത്തീകരണകാലാവധി-2 മാസം | | |
| എഗ്രിമെന്റ് നം.: | 87/AE/LSGD /CHY/2020-21,26.2.21 | | |
| പാർട്ട് ബിൽ | - | | |
| ബിൽ / വൗച്ചർ നം.നം. | 377829/-(ബിൽ നം. 11/27.10.21) | | |
| എം.ബുക്ക് നം. | 15/2021-22 | | |
| പൂർത്തീകരിക്കേണ്ട തീയ്യതി | 25.4.21 | | |
| പൂർത്തീകരിച്ച തീയ്യതി | 5.11.21 | | |
| ഫൈൻ സംബന്ധിച്ച് | ഈടാക്കേണ്ടത് (3%) | ഈടാക്കിയത് | കുറവ് |
| | 13236 | - | 13236 |

5)പ്രൊ.നം.118/21 128/22
ആലിക്കര നിലംപതി മുതൽ പുഷ്കരൻ കട വരെ റീടാറിംഗ്

| | | | |
|---|---|---|---|
| അടങ്കൽ - | 300000 (മെയിന്റനൻസ് ഗ്രാന്റ് റോഡ്) | | |
| PAC- | 267668/- | | |
| കരാറുകാരൻ - | ശ്രീ.സുരേന്ദ്രൻ.ടി | | |
| സാങ്കേതികാനുമതി | T.S-LSGD/TS/2020-21/49995 /31.8.20<br>പൂർത്തീകരണകാലാവധി-4മാസം | | |
| എഗ്രിമെന്റ് നം.: | 33/AE/LSGD /CHY/2020-21,8.10.2020 | | |
| പാർട്ട് ബിൽ | - | | |
| ബിൽ / വൗച്ചർ നം.നം. | 295441/-(ബിൽ നം. 14/21.1.22) | | |
| എം.ബുക്ക് നം. | 22/2021-22 | | |
| പൂർത്തീകരിക്കേണ്ട തീയ്യതി | 7.2.21 | | |
| പൂർത്തീകരിച്ച തീയ്യതി | 30.12.21 | | |
| ഫൈൻ സംബന്ധിച്ച് | ഈടാക്കേണ്ടത് (3%) | ഈടാക്കിയത് | കുറവ് |
| | 8030 | 2954 | 5096 |

6)പ്രൊ.നം.267/21 139/22
ചാലിശ്ശേരി ജി എൽ പി സ്കൂൾ വികാലംഗ വിദ്യാർത്ഥികൾക്ക് ടോയ്‌ലറ്റ്

| | | | |
|---|---|---|---|
| അടങ്കൽ - | 495000 (ധനകാര്യകമ്മീഷൻ ഗ്രാന്റ്-200000, മറ്റുള്ളവ 295000) | | |
| PAC- | 441672/- | | |
| കരാറുകാരൻ - | ശ്രീ.ഷഫീഖ്.എ.എം | | |
| സാങ്കേതികാനുമതി | T.S-LSGD/TS/2020-21 /8054/26.2.21<br>പൂർത്തീകരണകാലാവധി-3 മാസം | | |
| എഗ്രിമെന്റ് നം.: | 88/AE/LSGD /CHY/2020-21,26.2.2021 | | |
| പാർട്ട് ബിൽ | - | | |
| ബിൽ / വൗച്ചർ നം.നം. | 200000/-(ബിൽ നം. 15/25.1.22 ധനകാര്യകമ്മകീഷൻ ഗ്രാന്റ്)<br>294673/-(22100823/1.2.22) ചെക്ക് നം.312110) | | |
| എം.ബുക്ക് നം. | 23/2021-22,24/2021-22,25/2021-22 | | |
| പൂർത്തീകരിക്കേണ്ട തീയ്യതി | 25.5.21 | | |
| പൂർത്തീകരിച്ച തീയ്യതി | 10.1.22 | | |
| ഫൈൻ സംബന്ധിച്ച് | ഈടാക്കേണ്ടത് (3%) | ഈടാക്കിയത് | കുറവ് |
| | 13250 | - | 13250 |

ടെണ്ടർ രേഖകൾ, എഗ്രിമെന്റ്, ടി.എസ് എന്നിവയൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല

7)പ്രൊ.നം.104/21 125/22
സിവിൽ സ്റ്റേഷൻ മയിലാടികുന്ന് റോഡ് റീടാറിംഗ്

| | |
|---|---|
| അടങ്കൽ - | 340000 (മെയിന്റനനൻസ് ഗ്രാന്റ് റോഡ്) |

| | | | |
|---|---|---|---|
| PAC- | 303366/- | | |
| കരാറുകാരൻ - | ശ്രീ.സാബിർ .പി.എം | | |
| സാങ്കേതികാനുമതി | T.S-LSGD/TS/2020-21/108700 /31.8.2020<br>പൂർത്തീകരണകാലാവധി-4 മാസം | | |
| എഗ്രിമെന്റ് നം.: | 49/AE/LSGD /CHY/2020-21,13.10.20 | | |
| പാർട്ട് ബിൽ | - | | |
| ബിൽ / വൗച്ചർ നം.നം. | 339609/-(ബിൽ നം.26/26.2.22) | | |
| എം.ബുക്ക് നം. | 42(A,B)/2021-22 | | |
| പൂർത്തീകരിക്കേണ്ട തീയ്യതി | 12.2.21 | | |
| പൂർത്തീകരിച്ച തീയ്യതി | 20.2.22 | | |
| ഫൈൻ സംബന്ധിച്ച് | ഈടാക്കേണ്ടത് (3%) | ഈടാക്കിയത് | കുറവ് |
| | 9101 | - | 9101 |

7)പ്രൊ.നം.73/21 122/22
പടാട്ട്കുന്ന് മദ്രസ ജി ജെ ബി എസ് സ്കൂൾ റോഡ് മെറ്റലിംഗ് ടാറിംഗ്

| | | | |
|---|---|---|---|
| അടങ്കൽ - | 300000 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) | | |
| PAC- | 266238/- | | |
| കരാറുകാരൻ - | ശ്രീ.ഷഫീഖ്.എ.എം | | |
| സാങ്കേതികാനുമതി | T.S-LSGD/TS/2020-21/49627 /2.7.20<br>പൂർത്തീകരണകാലാവധി-6 മാസം | | |
| എഗ്രിമെന്റ് നം.: | 24/AE/LSGD /CHY/2020-21,6.10.20 | | |
| പാർട്ട് ബിൽ | - | | |
| ബിൽ / വൗച്ചർ നം.നം. | 300000/-(ബിൽ നം.47/22.3.22) | | |
| എം.ബുക്ക് നം. | 61/2021-22 | | |
| പൂർത്തീകരിക്കേണ്ട തീയ്യതി | 5.3.21 | | |
| പൂർത്തീകരിച്ച തീയ്യതി | 15.3.22 | | |
| ഫൈൻ സംബന്ധിച്ച് | ഈടാക്കേണ്ടത് (3%) | ഈടാക്കിയത് | കുറവ് |
| | 7987 | - | 7987 |

8)പ്രൊ.നം.102/21 124/22
ആലിക്കര ചെറിയപള്ളി റോഡ് റീടാറിംഗ്

| | |
|---|---|
| അടങ്കൽ - | 200000 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| PAC- | 178382/- |
| കരാറുകാരൻ - | ശ്രീ.സുരേന്ദ്രൻ.ടി |
| സാങ്കേതികാനുമതി | T.S-LSGD/TS/2020-21 /49641,31.8.2020<br>പൂർത്തീകരണകാലാവധി-6 മാസം |
| എഗ്രിമെന്റ് നം.: | 32/AE/LSGD /CHY/2020-21,8.10.20 |

| | | | |
|---|---|---|---|
| പാർട്ട് ബിൽ | - | | |
| ബിൽ / വൗച്ചർ നം.നം. | 136751/-(27/21.1.22)<br>63167/-(ബിൽ നം.53/23.3.22) | | |
| എം.ബുക്ക് നം. | 26/2021-22 | | |
| പൂർത്തീകരിക്കേണ്ട തീയ്യതി | 7.4.21 | | |
| പൂർത്തീകരിച്ച തീയ്യതി | 24.3.22 | | |
| ഫൈൻ സംബന്ധിച്ച് | ഈടാക്കേണ്ടത് (3%) | ഈടാക്കിയത് | കുറവ് |
| | 5351 | - | 5351 |

9)പ്രൊ.നം.278/21 146/22
എം സി എഫ് വിപുലീകരണം

| | | | |
|---|---|---|---|
| അടങ്കൽ - | 306971/-(നിർമ്മൽ പുരസ്കാർ വിഹിതം) | | |
| PAC- | 274074/- | | |
| കരാറുകാരൻ - | ശ്രീ.മുഹമ്മദ് അലി .പി.വി | | |
| സാങ്കേതികാനുമതി | T.S-LSGD/TS/2020-21 /9062/25.2.21<br>പൂർത്തീകരണകാലാവധി-3മാസം | | |
| എഗ്രിമെന്റ് നം.: | 83/AE/LSGD/CHY/2020-21,26.2.21 | | |
| പാർട്ട് ബിൽ | 83626/- | | |
| ബിൽ / വൗച്ചർ നം.നം. | 223259/-(22100550/27.10.21) | | |
| എം.ബുക്ക് നം. | 8/2021-22,80/2021-22 | | |
| പൂർത്തീകരിക്കേണ്ട തീയ്യതി | 24.5.21 | | |
| പൂർത്തീകരിച്ച തീയ്യതി | 5.10.21 | | |
| ഫൈൻ സംബന്ധിച്ച് | ഈടാക്കേണ്ടത് (3%) | ഈടാക്കിയത് | കുറവ് |
| | 8222 | - | 8222 |

മേൽപ്പറഞ്ഞ പ്രവൃത്തികളുടെ ബില്ലിൽ നിന്ന് പിഴ ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/23.3.2023) മറുപടി ലഭ്യമാക്കുകയുണ്ടായില്ല. തുക ₹76114/-(8035+2670+3166+13236+5096+13250+9101+7987+5351+8222) കരാറുകാരിൽ നിന്നും ഈടാക്കി തനത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

1-31 ടെണ്ടർ ഫോം വില തനതു ഫണ്ടിലേക്ക് മാറ്റാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ഇ-ടെണ്ടർ നടത്തിയിട്ടുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫോം വിലയിനത്തിൽ 20.3.2023വരെ ലഭ്യമായ ₹263981/- അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ (SBI, ചാലിശ്ശേരി A/c. No. 67076776828) സൂക്ഷിച്ചിരിക്കുന്നു. തുകകൾ ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം. 14/9.2.2023ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ആർട്കോയുടെ പ്രൈസ് ലിസ്റ്റിൽ ഉള്ളതിനെക്കാൾ ഉയർന്ന നിരക്കിൽ ചെയറുകൾ വാങ്ങി

പ്രോജക്ട് - 26/22, എസ് സി വിദ്യാർത്ഥികൾക്ക് മേശ,കസേര 2021-22

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ്മാസ്റ്റർ

അടങ്കൽ - 527530/- (വികസന ഫണ്ട് SCP)

ചെലവ് - 527530/- രൂപ

ബിൽ റഫറൻസ് നം. 212107520198010293831/29.1.2022

താഴെ പറയുന്ന സ്പെസിഫിക്കേഷനിലുള്ള 106 മേശയും കസേരയും ആർട്ട്കോ എന്ന ഏജൻസിയിൽ നിന്നും നേരിട്ട് വാങ്ങി വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

ടാക്സ് ഇൻവോയ്സ് നം. KKD-265/18.1.22-527350/-

HW Armless Chair Plankseat And Reaper Back- 106എണ്ണം

Study Table Particle Board 90x45x75cm One Draw Cupboard- 106 എണ്ണം

ഈ പ്രൊജക്ട് നിർവ്വഹിച്ചതിലെ അപാകതകൾ താഴെ ചേർക്കുന്നു.

എ)GeM മുഖേന വാങ്ങുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടില്ല

സ.ഉ(പി)നം.07/2019/SPD തിയതി 26-04-2019 പ്രകാരം 25000 രൂപയ്ക്കു മുകളിലുള്ള വാങ്ങലുകൾ (കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഒഴികെ) നടത്തുമ്പോൾ കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ആയ GeM (Government E Marketplace) ൽ സാധനങ്ങൾ ലഭ്യമാണോ എന്ന് പരിശോധിക്കേണ്ടതും GeM ൽ ലഭ്യമായവ GeM മുഖേന നിർബന്ധമായും വാങ്ങേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച പ്രകാരമുള്ള ഫർണീച്ചറുകൾ GeM ൽ ലഭ്യമാണോ എന്ന് പരിശോധിച്ച് നിശ്ചിത സ്പെസിഫിക്കഷേൻ പ്രകാരമുള്ള ഫർണീച്ചറുകൾ GeM ൽ ലഭ്യമല്ല എന്ന് രേഖപ്പെടുത്തിയതായി കാണുന്നില്ല. അഞ്ചു ലക്ഷത്തിൽ കൂടുതൽ എസ്റ്റിമേറ്റ് വരുന്ന വാങ്ങലുകൾ നടത്തുമ്പോൾ ഇ-ടെണ്ടർ നടത്തേണ്ടതാണ് എന്ന വ്യവസ്ഥയും പാലിച്ചിട്ടില്ല.

ബി)അർട്കോയുടെ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്ത സാധനങ്ങൾ വാങ്ങി.

G.O(Rt)No.1/2021/SPD തിയതി 5-1-2021 പ്രകാരം ARTCO നിർമ്മിക്കുന്നതും സ.ഉ(സാധാ)നം.07/2020 /എസ്.പി.ഡി തിയതി.5.2.2020, പ്രകാരമുള്ള പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ട സാധനങ്ങൾ മാത്രമാണ് ആർട്ട്കോയിൽ നിന്നും നേരിട്ട് വാങ്ങാവുന്നത്. 5-1-2021 ലെ ഉത്തരവിലെ ഖ.4 പ്രകാരം ഇപ്രകാരം വാങ്ങുന്നതിനുള്ള നിബന്ധനകൾ നൽകിയിട്ടുണ്ട്. വാങ്ങുന്ന ഫർണിച്ചർ ARTCO യിൽ നിർമ്മിച്ചതാണെന്നും പുറമേ നിന്നും വാങ്ങിയതല്ലെന്നുമുള്ള സാക്ഷ്യപത്രം ലഭ്യമാക്കണമെന്ന് നിർദേശമുണ്ട്. റേറ്റ് കോൺട്രാക്ട് ലിസ്റ്റിൽ ഉൾപ്പെടാത്ത ഫർണീച്ചറുകളുടെ കാര്യത്തിൽ സ്റ്റോർസ് പർച്ചേസ് നിയമപ്രകാരം ടെണ്ടർ ക്ഷണിക്കേണ്ടതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വാങ്ങിയ സ്പെസിഫിക്കേഷനിലുള്ള ടേബിളുകൾ അർട്കോയുടെ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

സി)ആർട്കോയുടെ പ്രൈസ് ലിസ്റ്റിൽ ഉള്ളതിനെക്കാൾ ഉയർന്ന നിരക്കിൽ ചെയറുകൾ വാങ്ങി

സ.ഉ(സാധാ)നം.07/2022/എസ്.പി.ഡി തിയതി.2.2.2022 പ്രകാരം ആർട്കോ ഉൽപാദിപ്പിക്കുന്ന ഫർണിച്ചറുകളുടെ റേറ്റ് നിശ്ചയിച്ചിട്ടുണ്ട് . ആയത് പ്രകാരം-HW Armless Chair Plankseat And Reaper Back കസേരയുടെ നിരക്ക് ₹2277/- മാത്രമാണ്. റേറ്റ് കോൺട്രാക്ട് നിരക്കിൽ നിന്ന് വിരുദ്ധമായി 2687/-രൂപ പ്രകാരം ₹410/- അധികനിരക്കിലാണ് കസേരകൾ വാങ്ങിയിട്ടുള്ളത്. റേറ്റ് കോൺട്രാക്ടിൽ

രേഖപ്പെടുത്തിയ നിരക്ക് പ്രകാരമല്ലാതെ കസേര വാങ്ങിയതിനാൽ ആകെ ₹43460/-(410x106) നഷ്ടമുണ്ടായിട്ടുണ്ട്.

പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്ത സാധനങ്ങൾ നേരിട്ട് വാങ്ങൽ നടത്തിയതിനും അധികനിരക്ക് അനുവദിച്ചതിനും വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/20.3.23) 'അംഗീകൃത ഏജൻസികളിൽ നിന്ന് വില നേരിട്ടറിഞ്ഞ് ആയത് പ്രൊക്യൂർമെന്റ് കമ്മറ്റി അംഗീകരിച്ച് പഞ്ചായത്ത് കമ്മറ്റിയുടെ തീരുമാനപ്രകാരമാണ് നടപ്പിലാക്കിയതെന്നും GeM മുഖേനയോ മൽസരാധിഷ്ഠിത ടെണ്ടർ നടത്തി വാങ്ങൽ നടത്തുകയോ ചെയ്യുമ്പോൾ കാലതാമസം എടുക്കും എന്നുള്ളതുകൊണ്ടുമാണ് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ അംഗീകൃത ഏജൻസികളിൽ നിന്നും വിലനിലവാരം ശേഖരിച്ച് വാങ്ങൽ നടത്തിയത്" എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

പ്രൊക്യൂർമെന്റ് നടപടികൾ സ്വീകരിക്കാതെ അധികനിരക്കിൽ വാങ്ങിയതിന് മേൽപ്പറഞ്ഞ മറുപടി പര്യാപ്തമല്ലാത്തതിനാൽ അധികമായി അനുവദിച്ച തുക 43460/- നിരാകരിക്കുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2021-22 | 25.3.2023 മുതൽ 31-3-2023 വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

2021-22 വർഷത്തിൽ ലഭ്യമായതും ചെലവഴിച്ചതുമായ തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| തുത്താല ബ്ലോക്ക് പഞ്ചായത്ത് | 21-22 | 251861 | 7/22 നെൽകൃഷിക്ക് കൂലിചെലവ് | 251861 | 0 |
| തുത്താല ബ്ലോക്ക് പഞ്ചായത്ത് | 21-22 | 848761 | 41/22ലൈഫ് മിഷൻ വിഹിതം എസ് സി പി | 848761 | 0 |
| തുത്താല ബ്ലോക്ക് പഞ്ചായത്ത് | 21-22 | 200000 | 155/22ലൈഫ് മിഷൻ വിഹിതം എസ് സി പി | 200000 | 0 |
| തുത്താല ബ്ലോക്ക് പഞ്ചായത്ത് | 21-22 | 100000 | 36/22 ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് | 100000 | 0 |
| തുത്താല ബ്ലോക്ക് പഞ്ചായത്ത് | 21-22 | 117000 | 37/22 ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് | 117000 | 0 |
| തുത്താല ബ്ലോക്ക് പഞ്ചായത്ത് | 21-22 | 50000 | 236/22വൃദ്ധർക്ക് കട്ടിൽ(ജനറൽ) | 50000 | 0 |
| തുത്താല ബ്ലോക്ക് പഞ്ചായത്ത് | 21-22 | 47850 | 2/22വൃദ്ധർക്ക് കട്ടിൽ(ജനറൽ) | 47850 | 0 |

| | | | | | |
|---|---|---|---|---|---|
| ആകെ | | 1615472 | | 1615472 | 0 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 21-22 | 776394 | 7/22 നെൽകൃഷിക്ക് കൂലിചെലവ് | 776394 | 0 |
| ആകെ | | 776394 | | 776394 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | ഡെപ്പോസിറ്റ് തുക | ബാക്കി |
|---|---|---|---|---|
| KSEB | 177/22-ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 85604(വികസന ഫണ്ട്- ജനറൽ)<br>1.ബിൽ നം 13/ 17-11-21-36594രൂപ<br>2.ബിൽ നം 29/ 8-2-22-32001രൂപ<br>3.ബിൽ നം 33/ 11-3-22-17009രൂപ | 85604 | പൂർണ്ണമായി വിനിയോഗിച്ചതായി സാക്ഷ്യപത്രം ഹാജരാക്കി |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ തുക ലഭ്യമായിട്ടില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായി രുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC Loan-ലൈഫ് പദ്ധതി | ജിഒ (എം.എസ്) നം68/2018 എൽ.എസ്.ജി.ഡി | 7080000 | 5936000 | 748000 | | 5188000 |

KURDFC Loan ഇനത്തിൽ AFSപ്രകാരം വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക 5188000/-രൂപയാണ്. ആയതിന്റെ വിവരങ്ങൾ രേഖപ്പെടുത്തി വായ്പരജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5618384 |
| തൻവർഷം നിക്ഷേപിച്ച തുക | 258884(പലിശ) |
| ആകെ | 5877268 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |

| | |
|---|---|
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5877268 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ് ) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | SBI Chalissery | 18/01/2022 | 1 വർഷം | 5877268 | 6.75% പലിശ |
| ആകെ | | | | 5877268 | |

സ്ഥിരനിക്ഷേപത്തിന്റെ വിവരം രേഖപ്പെടുത്തുന്നതിന് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം വരവില്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 3-4(1) | 2006-07 | 3.68.1 | മൊബിലൈസേഷൻ അഡ്വാൻസ് വാങ്ങി പണി പൂർത്തിയാക്കാത്തത്- കൊല്ലാഴിപറമ്പ് കോളനി റോഡ് | തുടർ നടപടികൾ നടന്നു വരുന്നു |
| 2001-02 | 3-4(2) | 2006-07 | 3.68.1 | മൊബിലൈസേഷൻ അഡ്വാൻസ് വാങ്ങി പണി പൂർത്തിയാക്കാത്തത്-നരിമട പടാട്ടുകുന്ന് റോഡ് | തുടർ നടപടികൾ നടന്നു വരുന്നു |
| 2014-15 | 2-4 | 2016-17 | അനുബന്ധം 5 | തൊഴിൽനികുതി | തുടർ നടപടികൾ നടന്നു വരുന്നു |
| 2015-16 | 2-1 | 2016-17 | അനുബന്ധം 5 | തൊഴിൽനികുതി | തുടർ നടപടികൾ നടന്നു വരുന്നു |
| 2015-16 | 1-13 | 2016-17 | 9.3.2 | ജല വിതരണം സംബന്ധിച്ച് | തുടർ നടപടികൾ നടന്നു വരുന്നു |

## 4-9 ചാർജ്സർചാർജ് നടപടികളുടെ വിവരം

### (എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹92,433,025.63 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹68225972/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ----- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ₹43460/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹385115/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 43460 | ശ്രീ.മൊയ്തീൻകുട്ടി, ഹെഡ്മാസ്റ്റർ |
| | ആകെ | 43460 | |

പിഴയിനത്തിൽ തനത് ഫണ്ടിലേക്ക് അടവാക്കേണ്ട തുകയുടെ വിവരം (ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം)

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-28 | 9872 | ശ്രീ.സജീവ്.കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-30 | 76114 | ശ്രീ.സജീവ്.കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 85986 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-27 | 385115 | ശ്രീ.സജീവ്.കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 385115 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.മൊയ്തീൻകുട്ടി ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ, ജി.ജെ.ബി.എസ് പട്ടിശ്ശേരി | തെയ്വാൻകുളങ്ങര, ഓതല്ലൂർ, തൃത്താല |

| | | |
|---|---|---|
| ശ്രീ.സജീവ്.കെ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ചാലിശ്ശേരി ഗ്രാമപഞ്ചായത്ത് | അശ്വതി നിവാസ്, കൂറ്റനാട്.പി.ഒ,- 679533 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | LFP6/380 /2000/16.6.2000 | 2 |
| 1997-98 | LFP6/384 /2000/6.9.2000 | 36 |
| 1998-99 | LFP9/502 /2002/17.6.2002 | 11 |
| 1999-2000 | LFP9/503 /2002/17.6.2002 | 15 |
| 2000-01 | LFP11/544 /05/23.1.2006 | 14 |
| 2001-02 | LFP11/530 /06/12.9.2006 | 12 |
| 2002-03 | LFP11/1192 /07/27.6.2008 | 4 |
| 2003-04 | LFP11/1193 /07/27.6.2008 | 5 |
| 2004-05 | LFP11/1194 /07/27.6.2008 | 3 |
| 2005-06 | LFP11/1195 /07/27.6.2008 | 1 |
| 2006-07 | LFP11/198 /09/11.12.2009 | 5 |
| 2007-08 | LFP11/198 /09/11.12.2009 | 6 |
| 2008-09 2009-10 2010-11 | LFP20/2409 /12/23.3.13 | 13 |
| 2011-12 | LFP20/1277 /14/10.10.14 | 16 |
| 2012-13 | LFP20/223/15/6.4.15 | 15 |
| 2013-14 2014-15 | KSA-PKD20/959 /16/22.6.16 | 14 |
| 2015-16 | KSA-PKD20/2288 /16/31.1.17 | 10 |
| 2016-17 | KSA-PKD20/1226 /17/12.03.17 | 14 |
| 2017-18 | KSA-PKD20/804 | 16 |

| | | |
|---|---|---|
| | /19/19-7-2019 | |
| 2018-19 | KSA-PKD20/1367 /20/03.02.2021 | മുഴുവൻ ഖണ്ഡികകളും |
| 2019-20 | KSA-PKD20/1436/22/ 07.07.2022 | മുഴുവൻ ഖണ്ഡികകളും |
| 2020-21 | KSA-PKD20/1437/22/ 07.07.2022 | മുഴുവൻ ഖണ്ഡികകളും |

ഓഡിറ്റ് റിപ്പോർട്ടുകളിലെ അവശേഷിക്കുന്ന തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ ചാലിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ ചാലിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം -3

## വാർഷികധനകാര്യപത്രിക

| | | | |
|---|---|---|---|
| | Chalissery Grama Panchayat<br><br>INCOME & EXPENDITURE STATEMENT | | |
| | For the period from 01-April-2021 to 31-March-2022 | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 5630700.00 |
| 120000000 | Assigned Revenues, Shared Taxes and Compensations<br><br>(BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 443912.00 |
| 140000000 | Fee & User Charges | I-4 | 616162.63 |
| 150000000 | Sale & Hire Charges | I-5 | 274370.00 |
| 160000000 | Revenue Grants, Funds, Contributions & Compensations /<br><br>Subsidies | I-6 | 145321031.00 |
| 170000000 | Income from Investments | I-7 | 295664.00 |
| 171000000 | Interest Earned | I-8 | 527129.00 |
| 180000000 | Other Income | I-9 | 34450.00 |
| 190000000 | Prior Period Income | I-19 | 14600.00 |
| | Total Income | | 153143418.63 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 10263738.00 |
| 220000000 | Administrative Expenses | I-11 | 743901.00 |
| 230000000 | Operations & Maintenance | I-12 | 2501281.00 |
| 240000000 | Interest & Finance Charges | I-13 | 59.00 |
| 250000000 | Decentralised Plan Programme-Productive Sector / | I-14 | 6016367.00 |

| | | | |
|---|---|---|---|
| | Programme Expenses | | |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 26044134.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 15915632.00 |
| 253000000 | Decentralised Plan Programme-Projects not included in<br><br>Sector Division | I-14(C) | 0.0 |
| 254000000 | Expenditures of Transfered Institutions and State Sponsored<br><br>Schemes (not included under Decentralized Plan Programme) | I-14(D) | 59179560.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 25609664.00 |
| 260000000 | Grants, Contributions & Compensation from Own Fund /<br><br>Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and<br><br>Investments | I-17 | 0.0 |

| | | | |
|---|---|---|---|
| | Chalissery Grama Panchayat<br><br>RECEIPT & PAYMENT STATEMENT | | |
| | For the period from 01-April-2021 to 31-March-2022 | | |
| Code.No | Description of Items | Schedule No | Amount |

| | | | |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 21366384.00 |
| Cash | Cash | RP-40(a) | 119793.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1296900.00 |
| 130000000 | Rental income from Panchayat Properties | RP-3 | 105120.00 |
| 140000000 | Fees & User Charges | RP-4 | 439412.63 |
| 150000000 | Sale & Hire Charges | RP-5 | 274370.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 49312252.00 |
| 171000000 | Interest Earned | RP-9 | 527129.00 |
| 190000000 | Prior Period Income | RP-11 | 14600.00 |
| 290000000 | Transfer to Reserve Funds / Prior Period Item(ILGMS) | RP-25 | 408.00 |
| 311000000 | Earmarked Funds | RP-28 | 3238.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 11307666.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 5837797.00 |
| 460000000 | Loans, Advances and Deposits | RP-49 | 1133096.00 |
| | Non Operating | | |
| 170000000 | Income from Investments | RP-8 | 36780.00 |
| 340000000 | Deposits Received | RP-33 | 237563.00 |
| 350000000 | Other Liabilities | RP-35 | 420517.00 |
| | Grand total | | 119793.00 |
| | PAYMENTS | | |
| | Operating | | |
| 250000000 | Decentralised Plan Programme-Productive Sector | RP-16 | 7827244.00 |
| 251000000 | Decentralised Plan Programme-Service Sector | RP-17 | 17011902.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-18 | 8942698.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 27073.00 |

| | | | |
|---|---|---|---|
| 412000000 | Capital Work In Progress | RP-39 | 928541.00 |
| 414000000 | Annual plan - Capital Expences(Service Sector) | RP-41 | 1559238.00 |
| 460000000 | Loans, Advances and Deposits | RP-49 | 872986.00 |
| | Non Operating | | |
| | | | |

| | | | |
|---|---|---|---|
| | Chalissery Grama Panchayat<br><br>BALANCE SHEET | | |
| | As on 31-March-2022 | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 24089207.23 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or<br><br>Agency Fund | B-2 | 16163.00 |
| 312000000 | Reserves | B-3 | 40702422.00 |
| | Total Reserve & Surplus | | 64807792.23 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 5053202.00 |
| | Total Grants, Contributions for Specific Purposes | | 5053202.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 5188000.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 5188000.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 458897.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 897983.40 |
| 360000000 | Provisions | B-10 | 36220.00 |
| | Total Current Liabilities and Provisions | | 1393100.40 |
| | TOTAL LIABILITIES | | 76442094.63 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 607073.00 |

| | | | |
|---|---|---|---|
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 0.0 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 11334815.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 55413855.00 |
| 416000000 | Accumulated Depreciation | B-11(a) | -21806135.00 |
| | Total Fixed Assets | | 45549608.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 5877268.00 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 5877268.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 597270.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 24207053.63 |
| 460000000 | Loans, Advances and Deposits | B-18 | 1280046.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 26084369.63 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |

| | | | |
|---|---|---|---|
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 77511245.63 |

DEPUTY DIRECTOR